# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 940**

ഉൾപേജുകളിൽ.... പേജ്

ആദർശവാക്യം - 2024 .................................... 2

അവൻ ആദ്യം സ്നേഹിച്ചു ................................13

ബൈബിൾ സംഭാഷണങ്ങൾ ........................20


അറിയിപ്പുകൾ...............................................24

VOL - XVII, ISSUE 1 JANUARY - FEBRUARY 2024

# ആദർശവാക്യം 2024 – യഹോവയുടെ വിളക്ക്

## MOTTO TEXT 2024 – THE LAMP OF THE LORD

**“നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവുമാകുന്നു” സങ്കീർത്തനം 119:105**




നമ്മുടെ കർത്താവിന്റെ പ്രകാശം താൻ ജീവിച്ചിരുന്നപ്പോൾ ലോകത്തിന്റെ ഒരു ചെറിയ കോണിൽ പ്രകാശിച്ചു. തന്റെ വിളക്കിൽ നിന്ന് ധാരാളം അനുഗാമികളും തങ്ങളുടെ വിളക്കുകൾ കത്തിച്ചു. ഗുരുവിന്റെ പഠിപ്പിക്കൽ, “മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” എന്നാണ് (മത്താ. 5:16). നിങ്ങളുടെ വിളക്കു കെടുത്തരുത്, “വിളക്കു കത്തിച്ച് പറയിൻകീഴല്ല, തണ്ടിന്മേലത്രേ വെക്കേണ്ടത്; അപ്പോൾ വിളക്ക് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കും” (മത്താ. 5:15). പിന്നെയും കർത്താവു കൂട്ടിച്ചേർത്തു പറയുന്നത്: മനുഷ്യരുടെ പ്രവൃത്തികൾ ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തെക്കാളധികം ഇരുളിനെ സ്നേഹിച്ചു... സത്യം പ്രവർത്തിക്കുന്നവനോ തന്റെ പ്രവൃത്തി വെളിച്ചത്തിൽ ചെയ്തിരിക്കയാൽ അതു വെളിപ്പെടേണ്ടതിന് വെളിച്ചത്തിലേക്കുവരുന്നു” (യോഹ. 3:19-21).

പ്രവാചകൻ ഈ തിരുവെഴുത്തിനെ, സമർപ്പിതനായ ദൈവപൈതൽ തന്റെ പ്രത്യാശയുടെയും സന്തോഷത്തിന്റെയും സ്ഥാനമായി ഉറപ്പിച്ചിരിക്കുന്ന ദൈവവചനത്തോട്, നിത്യജീവന്റെ സന്ദേശത്തോട് യോജിപ്പിച്ചിരിക്കുന്നു. വേദവിദ്യാർത്ഥികളായ നാം ഈ വിളക്കിന്റെയും വെളിച്ചത്തിന്റെയും ആവശ്യം വ്യക്തമായി തിരിച്ചറിയുന്നു. വെളിച്ചമില്ലാത്തവന് ഇരുട്ടിൽ കാലിടറുമെന്നുള്ളതിന് ഇത് പ്രബലമായ തെളിവാണ്. ദൈവവചനത്തിന്റെ വെളിച്ചമുള്ള നാം അതില്ലാത്ത മറ്റുള്ളവരെപ്പോലെ ഇരുട്ടിലല്ല”. നിങ്ങളെല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളുമാകുന്നു” (1 തെസ്സ. 5:5). നാമെല്ലാവരും പുതിയ വ്യവസ്ഥാകാലത്തിലുൾപ്പെട്ടവരും നമ്മുടെ പൗരത്വം പുതിയ രാജ്യത്തിലുമാകുന്നു. വിശ്വാസത്താൽ നാം ഈ ലോകത്തിനു മരിച്ച് ദൈവത്തിനായി ജീവിക്കുന്നു; അതുകൊണ്ട് നാം വെളിച്ചത്തിന്റെ മക്കളായി എണ്ണപ്പെട്ട്, ഇപ്പോഴായിരിക്കുന്ന ഈ അന്ധകാര രാത്രിയിൽ ജീവിക്കുന്നു; അതുകൊണ്ട് പ്രത്യാശയാലും ദൈവവചനത്തിലെ കാരുണ്യപൂർവ്വമായ വാഗ്ദത്തങ്ങളാലും നമ്മുടെ ജ്ഞാനദൃഷ്ടി പ്രകാശിതമാണ്.

അപ്പൊസ്തലൻ പറയുന്ന പ്രകാരം വെളിച്ചം നമ്മുടെ ഹൃദയത്തിലേക്ക് പ്രകാശിക്കുന്നത് ദൈവവചനത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും വഴിയാണ്. കാര്യങ്ങളെ ബാഹ്യവും സാധാരണവുമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് നാം നോക്കുന്നതെങ്കിലും നമുക്കു ലോകത്തിന്റെ പകർപ്പാകാനെ കഴിയുകയുള്ളു. സാധാരണയായി നാം കാണുന്ന കാര്യങ്ങളുടെ നേർക്കു കണ്ണടയ്ക്കുന്നതിന് ആനുപാതികമായിട്ട് (ബാഹ്യമായിട്ടല്ലാതെ വിശ്വാസത്താൽ നിജസ്ഥിതി തിരിച്ചറിയണം) മാത്രമെ നമുക്കു തിരിച്ചറിവുണ്ടാകൂ. ഇപ്പോൾ കാണാത്ത കാര്യങ്ങളെങ്കിലും നിത്യമായിരിക്കുന്നവയുടെ മേൽ നമ്മുടെ മനക്കണ്ണു തുറക്കുന്നതിന് ആനുപാതികമായിട്ടേ സത്യത്തിന്റെ പ്രകാശം നമ്മുടെ ഹൃദയത്തിൽ ശോഭിക്കയുള്ളു. വർദ്ധിച്ചുവരുന്ന ആ നീതിസൂര്യന്റെ മഹത്വപൂർണ്ണമായ പ്രകാശകിരണങ്ങൾ ഭൂമിയുടെ അറ്റങ്ങളോളം പരന്ന്, ആദാമിന്റെ ശാപത്തിന് ഓഹരിക്കാരായി തീർന്ന എല്ലാ ആദാമ്യ മക്കളും മശിഹായുടെ അനുഗ്രഹപൂർണ്ണമായ വലിയ വേലയിൽ ഓഹരിക്കാരായിത്തീരും; ഇതു സാധിക്കുന്നത് സഹസ്രാബ്ദാനുഗ്രഹങ്ങൾ കൊണ്ടുവരുന്നതും ഇപ്പോൾ ആ വലിയ പ്രകാശത്തിന്റെ അനുഗ്രഹങ്ങൾ കൊണ്ടുവന്നുകൊണ്ടിരിക്കുന്നതുമായ, അതായത് നമ്മുടെ കർത്താവിന്റെ അറിവിന്റെയും മഹത്വത്തിന്റെയും അനുഗ്രഹത്തിന്റെയും ആ ഒരു ദിവസം വഴിയാണ്.

“ഏതു മനുഷ്യനെയും അന്ത്യത്തോളം പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു” (യോഹ. 1:9).




യോഹ. 1:9 ലെ ഈ വാഗ്ദത്തം നമുക്കു പരിഗണിക്കാം! ഈ വാഗ്ദത്തത്തിലെ ആലോചന ആ കാലത്തു ജീവിച്ചവർക്കു മാത്രമല്ല, മരണനിഴലിൻ താഴ്വരയിലുള്ള എല്ലാവരുടെയും മേൽ ഈ വെളിച്ചം പ്രകാശിക്കും എന്നുറപ്പുനല്കുന്നതാണ് – മരണനിഴൽ (ശവക്കുഴി), ഹേഡീസിന്റെ ഒരു സാധാരണയായ വിശകലനം – അതായത് ഹേഡീസിൽ, അന്ധകാരത്തിൽ ഉള്ളവർക്ക്. നമ്മുടെ വർഗ്ഗത്തിൽപെട്ട എല്ലാവരുടെയും മേൽ ഈ വെളിച്ചം പ്രകാശിക്കണം, കാരണം ക്രിസ്തു എല്ലാവർക്കും വേണ്ടിയാണ് ഒരിക്കലായി മരിച്ചത്. തങ്ങളുടെ ജനനത്തിനു മുമ്പേ തന്നെ ആദാമ്യ മക്കളെല്ലാവരും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നതുപോലെ, എല്ലാവർക്കും തങ്ങളുടെ ജനനത്തിനു മുമ്പുതന്നെ ക്രിസ്തുവിന്റെ മരണത്തിന്റെ പ്രയോജനം ലഭിച്ചിരുന്നു. പിതാവായ ആദാമിൽ കൂടെ വന്ന ശാപത്തിന് എല്ലാവരും ഓഹരിക്കാരായതു പോലെ ക്രിസ്തുവിന്റെ വീണ്ടെടുപ്പു വേലയുടെ അനുഗ്രഹം തീർച്ചയായും എല്ലാവർക്കും ലഭിക്കണം (റോമ. 5:12).

ഇപ്പോൾ ഈ കാര്യം ദൈവകരുണ ലഭിക്കുന്ന എല്ലാവരുടെയും കാര്യത്തിൽ ശരിയാണ്. ഇതു തികച്ചും ദൈവദാനമാണ്; ഇതിനുവേണ്ടി അവർക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. സൗജന്യമായി അവരോടു ക്ഷമിച്ചിരിക്കുന്നു എന്ന് അവർക്ക് ഉറപ്പു ലഭിച്ചിട്ടുണ്ട്. എന്നാൽ ഉള്ള ഒരു വ്യത്യാസം, നമ്മോടരുളിചെയ്തിരിക്കുന്ന ഈ സദ്വർത്തമാനം വിശ്വാസദൃഷ്ടികൊണ്ട് കേൾക്കുന്നവർക്കു മാത്രം ഗ്രഹിക്കാൻ കഴിയുന്നതാണെന്നുള്ളതാണ്. ഇപ്പോൾ വളരെ കുറച്ചുപേർക്കു മാത്രമെ കാണുവാനുള്ള കണ്ണും കേൾക്കുവാനുള്ള ചെവിയും ദൈവകരുണയെ സ്വീകരിക്കുവാനുള്ള ഹൃദയവുമുള്ളൂ. വിശ്വാസദൃഷ്ടിയുള്ളവർക്കുമാത്രം ഗ്രഹിക്കുവാൻ ഇടയാകുന്ന തരത്തിൽ നമ്മോടു പറയുന്ന സദ്വർത്തമാനത്തെ വിലമതിക്കാൻ കഴിയുന്നത് ദൈവകരുണകൊണ്ടു മാത്രമാണ്. തന്റെ പ്രത്യേക ജനത്തിന്റെ തിരഞ്ഞെടുപ്പിനു ശേഷം ക്രമേണ വിശാലമായ അർത്ഥത്തിൽ കാഴ്ചയും അറിവും വിശ്വാസത്തിന്റെ സ്ഥാനം കരസ്ഥമാക്കും. തങ്ങളുടെ പാപം ക്ഷമിക്കുന്നതും, സ്വീകരിക്കുമെങ്കിൽ മനസ്സും അനുസരണവുമുള്ളവരെ നിത്യജീവൻ നല്കി സംരക്ഷിക്കുന്നതുവഴി ക്രിസ്തുയേശുവിലൂടെയുള്ള ദൈവകൃപ ലോകം പിന്നെ തിരിച്ചറിയും. അങ്ങനെ അവർ ദൈവത്തിന്റെ മഹാദാനമായ വലിയ കൊള്ളമുതൽ പങ്കിടുന്നതിൽ ഒന്നിച്ചുസന്തോഷിക്കും.

മർക്കൊസ് 4:21 ലെ വാക്കുകളുമായി താരതമ്യം ചെയ്യാം: “വിളക്കു കത്തിച്ച് പറയിൻ കീഴിലൊ കട്ടിൽ കീഴിലൊ വെക്കുമാറുണ്ടോ? വിളക്ക് തണ്ടിന്മേലല്ലയോ വെക്കുന്നത്?” ഈ വേദവാക്യത്തിന്റെ താരതമ്യപരിശോധനയിൽ യേശു വിളക്കിനെ സത്യത്തിന്റെ വെളിച്ചം (സങ്കീ. 119:105) പ്രകാശിപ്പിക്കുന്നതിനുപയോഗിക്കുന്ന മാർഗ്ഗമായി ചൂണ്ടിക്കാണിക്കയും, തന്നെത്തന്നെ ലോകത്തിന്റെ വെളിച്ചമെന്ന് വിളിക്കയും ചെയ്തിരിക്കുന്നു (യോഹ. 8:12). എന്നാൽ ദൈവവചനത്തിന്റെ വെളിച്ചത്തെ, അതുമറച്ചുവെക്കപ്പെടേണ്ടതാകയാൽ ഇവിടെ നല്കിയില്ല. എന്നാൽ ഇവിടെ യേശു അതിലും പ്രസക്തമായി, വളരെ വ്യക്തമായി ഈ വെളിച്ചത്തെ പിടിച്ചുകൊള്ളുന്നതിലുള്ള ശിഷ്യന്മാരുടെ കടമയും അവകാശങ്ങളും അവരെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു. അത് ഈ വെളിച്ചത്തെ അവർക്ക് വ്യക്തമായി കാണുന്നതിനും മറ്റുള്ളവരുമായി സ്വതന്ത്രമായി പങ്കുവെക്കുന്നതിനും വേണ്ടിയായിരുന്നു.

ദൈവത്തിന്റെ സമർപ്പിതമക്കൾ തന്റെ വ്യവസ്ഥകളും ക്രമീകരണങ്ങളും അറിയുന്നു; അതിലൊന്ന് വിശ്വാസത്താൽ നീതീകരിക്കപ്പെട്ട “നീതിമാന്റെ പാത”യാണ്; അത് “പ്രഭാതത്തിന്റെ വെളിച്ചം പോലെ നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു”; അതു നമ്മുടെ കാലിന് ദീപവും നമ്മുടെ പാതയ്ക്ക് പ്രകാശവുമായിരുന്ന “**വചന**”മാണ് (സദൃ. 4:18; സങ്കീ. 119:105). ദൈവികവ്യവസ്ഥകളോടുള്ള യോജിപ്പിലും തന്റെ ക്രമീകരണങ്ങൾക്കു വിധേയമായും വേദതിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നതും കർത്താവിൽ നിന്നു വരുന്നതും എപ്പിഫനി ദൂതന്റെ പ്രത്യേക സഹായികൾ വഴി വിശദീകരിച്ചു തെളിയിച്ചു തരുന്നതുമായ പുരോഗമന സത്യത്തിലേക്ക് (കഴിഞ്ഞകാല സത്യത്തോടു യോജിപ്പായി – E-5, PP-31, Para. 1, 35-39) നോക്കുന്നതിൽ നമുക്ക് ജാഗ്രതയുള്ളവരായിരിക്കാം.

**1950** ൽ ചെറിയആട്ടിൻ കൂട്ടത്തിന്റെ അവസാനത്തെ അംഗം (ഇത് ഒരു നക്ഷത്രാംഗം ആയിരുന്നിരിക്കും എന്ന് വേദതിരുവെഴുത്തുകൾ പറയുന്നു) ഭൂമിയിൽനിന്നു മാറ്റപ്പെടുന്നതുവരെ അവർക്കു കൊടുത്ത സത്യം

മഹാപുരുഷാരത്തിനുണ്ടായിരുന്നു; അതിനുശേഷവും കർത്താവ് വളരെ കരുണയോടെ അവർക്ക് സകല സത്യവും നല്കി. ജോൺസൻ സഹോദരൻ വേദത്തിൽനിന്നു ചൂണ്ടികാണിച്ചു തന്നിരിക്കുന്നത് (PT 1944 PP 28-32, പ്രത്യേകിച്ച് P. 29 കോളം 2 മുകൾഭാഗം) തങ്ങൾ ലോകത്തിൽ നിന്നു മാറ്റപ്പെടുന്നതുവരെ, ചെറിയആട്ടിൻകൂട്ടത്തിനു വേണ്ടിയുള്ള മുഴുശുശ്രൂഷാവേലയും നക്ഷത്രാംഗങ്ങൾക്കുണ്ടായിരിക്കും. ചെറിയആട്ടിൻകൂട്ടാംഗങ്ങൾ മഹാപുരുഷാരത്തിനു പ്രത്യേകമായി ശുശ്രൂഷാസഹായങ്ങൾ നല്കിയിരുന്നു (1950, ഒക്ടോബർ 22 വരെ); അതിനുശേഷം ഒരു നക്ഷത്രാംഗത്തിൽ നിന്നു നേരിട്ടുള്ള ശുശ്രൂഷാസഹായം കൂടാതെ തന്നെ, നക്ഷത്രാംഗങ്ങൾ മുമ്പു ചെയ്തിരുന്ന ശുശ്രൂഷാസഹായങ്ങൾ പോലെ അവർ പരസ്പരം ശുശ്രൂഷിച്ചു; എന്നാൽ ഇപ്പോൾ ആ ശുശ്രൂഷകൾ നക്ഷത്രാംഗങ്ങളുടെ എഴുത്തുകളിൽ കൂടെ മാത്രമാണ് ലഭിക്കുന്നത്.

ജോൺസൻ സഹോദരനിലൂടെ മഹാപുരുഷാരത്തിനു നല്കുന്ന ചെറിയആട്ടിൻകൂട്ടത്തിന്റെ സത്യം (പറൂസ്യാ എപ്പിഫനി സത്യം), അത് യുവവീരന്മാർക്കോ മറ്റുള്ളവർക്കോ മനസ്സിലാക്കുവാനോ അതിൽ ഓഹരിക്കാരായി അത് അവകാശപ്പെടുത്തുന്നതിനോ കഴിയുകയില്ലെന്നല്ല, പിന്നെയോ കർത്താവ് അതിനെ ചുരുളഴിച്ച് വെളിപ്പെടുത്തുന്നതിനു പ്രസാദിച്ചപ്പോൾ, പറൂസ്യാ എപ്പിഫനി സത്യത്തിന്റെ പൊതുവിനു വേണ്ടിയുള്ള (ലോകത്തിനു വേണ്ടിയുള്ള) നാവ് എന്ന നിലയിൽ (യുവവീരന്മാരുടെയൊ മറ്റുള്ളവരുടെയൊ കൈകളിലൂടെയല്ല) അതിനെ ആവർത്തിച്ചു സ്ഥിരീകരിച്ച് ഉറപ്പിക്കുന്നതിനും പ്രതിരോധിക്കുന്നതിനും പുരോഗതിയിലേക്കു നയിക്കുന്നതിനും മോടിപിടിപ്പിച്ച് അലങ്കരിക്കുന്നതിനും വേണ്ടി അതിന്റെ പ്രത്യേക ചുമതല മഹാപുരുഷാരത്തിന്റെ കൈകളിലാണ് ഏല്പിച്ചത്.

എന്നാൽ പിന്നെയും ജോൺസൻ സഹോദരനിലൂടെ കർത്താവ് വേദതിരുവെഴുത്തുകളിൽ നിന്ന് കൂടുതലായി വെളിപ്പെടുത്തി കാണിച്ചുതന്നത്, "ചെറിയആട്ടിൻകൂട്ടം ചെയ്യുന്നതായി ചിത്രപ്പെടുത്തി കാണിച്ചിരിക്കുന്ന മുഖ്യശുശ്രൂഷ മഹാപുരുഷാരത്തിനും രണ്ടാമത്തെ ശുശ്രൂഷ യുവവീരന്മാർക്കും വേണ്ടിയുള്ളതാണെന്നാണ്" (E-10, P. 658 Top); അതുപോലെ ചെറിയ നിഴൽ ചിത്രത്തിൽ നല്ല ലേവ്യർ ബന്യാമീനെയും അതുപോലെ 300 വെള്ളിക്കാശ് ലഭിക്കുന്നതും കാണിക്കുന്നത് "മഹാപുരുഷാരത്തിനും യുവവീരന്മാരുടെ കാര്യത്തിനും വേണ്ടിയുള്ള സത്യത്തിന്റെ പൂർണ്ണതയെയും അവർക്കുള്ള അഞ്ചുതരത്തിൽപെട്ട അധികാരങ്ങളെയുമാണ്" (ഉല്പ. 45:22; E. 10, PP. 609,651; Comp. PT 1956, PP. 29, 66 Para. 2). പൊരുളിലെ യോസേഫിന്റെ പാനപാത്രം പൊരുളിലെ ബന്യാമീന്റെ ചാക്കിന്റെ വായ്ക്കൽ വെക്കുന്നതിനോടുള്ള ബന്ധത്തിൽ ഇതിന്റെ കൃത്യമായ നിറവേറ്റം നാം കാണുന്നത്, താഴെപ്പറയുന്നവർക്ക് ശുശ്രൂഷ ചെയ്യുന്നതിനു നല്ല ലേവ്യർക്കുള്ള കടമയും അവകാശങ്ങളും സംബന്ധിച്ചാണ്: (1) മഹാപുരുഷാരം, (2) യുവവീരന്മാർ (3) എപ്പിഫനി പാളയ സമർപ്പിതർ, (4) പ്രത്യേകമായി എപ്പിഫനി പാളയത്തോട് ആത്മാർത്ഥതയുള്ള പരീക്ഷാർത്ഥ നീതീകരണക്കാർ, (5) എപ്പിഫനി പാളയത്തോട് ആത്മാർത്ഥതയുള്ള യഹൂദന്മാർ" (E-10, P. 649; PT 1959, PP 37-41).

ദൈവവചനത്തിന്റെ സ്വാധീനത്താൽ ഒരു ക്വാസി ഇലക്റ്റ് ക്ലാസ് കൂടി രൂപപ്പെട്ടു കൊണ്ടിരിക്കുന്നു. നോഹയുടെ പെട്ടകത്തിൽ പ്രവേശിച്ച ശുദ്ധിയുള്ള മൃഗങ്ങളാൽ ഈ ക്ലാസിനെ ചിത്രപ്പെടുത്തിയിരിക്കുന്നു. പൊതുവെ പറയുമ്പോൾ ഇതിൽ മൂന്നു വിഭാഗങ്ങളുണ്ട്: (1) സമർപ്പിതരല്ലെങ്കിലും യഹൂദയുഗത്തിലും സുവിശേഷയുഗത്തിലും വിശ്വാസം പരിചയിച്ച് അബ്രഹാമ്യ ഉടമ്പടിയോടും മോശീയ ഉടമ്പടിയോടുമുള്ള ഐക്യതയിൽ വിശ്വസ്തത പാലിച്ചു നിന്നവർ (2) സമർപ്പിതരല്ലെങ്കിലും നമ്മുടെ നാളുകൾ ഉൾപ്പെടെ സുവിശേഷയുഗം മുഴുവനിലും തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് യേശുവിനെ രക്ഷകനായി സ്വീകരിച്ച് മറുവിലയോടും നീതിയോടും വിശ്വസ്തരായി നിലനിന്ന ജാതികൾ (കുറെ യഹൂദന്മാരും) (3) യുവവീരഗണത്തിലേക്കുള്ള വിളി നിന്നതിനു ശേഷം വിശുദ്ധിയിൻ പെരുവഴി തുറക്കുന്നതിനു മുമ്പ് സമർപ്പിച്ചിട്ടുള്ള എപ്പിഫനി പാളയസമർപ്പിതർ (നാലു തിരഞ്ഞെടുപ്പുഗണങ്ങളും ക്വാസി-ഇലക്റ്റുകളും എന്ന വിഷയം സംബന്ധിച്ച് കൂടുതലായ വിവരത്തിന് PT 1955, PP. 21-23 കാണുക).

വന്നുകൊണ്ടിരിക്കുന്ന സഹസ്രാബ്ദ യുഗത്തിൽ ക്വാസി-ഇലക്റ്റിന് ദൈവകൃപയാൽ, വിശ്വാസത്തിലേക്കുവരാത്തവരെക്കാൾ ഉന്നതമായ ഒരു സ്ഥാനം ഉണ്ടായിരിക്കും. യോവേൽ 2:23 വിശദീകരിക്കുന്ന ഭാഗത്ത് വിശ്വാസമില്ലാത്ത ദുർബ്ബല ഗണത്തിൽ (**പുത്രിമാർ**) നിന്ന് വ്യത്യസ്ഥമായി ഇവരെ **പുത്രന്മാർ** എന്നു വിശേഷിപ്പിച്ചിരിക്കുന്നു. യെശ. 60:4 ലും ക്വാസി-ഇലക്റ്റുകളും തിരഞ്ഞെടുക്കപ്പെടാത്തവരും (പുറജാതികളും പൊതുവെയുള്ള വലിയ ജനവിഭാഗവും) തമ്മിലുള്ള ഈ വ്യത്യാസം കാണുന്നു. വെളി. 22:17, ഈ അദ്ധ്യായം സഹസ്രാബ്ദത്തിലെ വ്യവസ്ഥിതികളെ വിവരിക്കുന്നു: ആദാമ്യവർഗ്ഗത്തിൽപെട്ട "ഇച്ഛിക്കുന്നവരെ" യാണ്

ആത്മാവും മണവാട്ടിയും "ജീവജലം സൗജന്യമായി വാങ്ങുന്നതിന്" ക്ഷണിക്കുന്നത്. ആ പുനർജനന ദിവസത്തിൽ "മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ" (മത്താ. 19:28), രണ്ടാം ആദാമും (1 കൊരി. 15:45-47) ഹവ്വായും ആകുന്ന കുഞ്ഞാടും തന്റെ കാന്തയായ കൂട്ടവകാശികളും ചേർന്ന് ജീവനിലേക്ക് ഉണർത്തുന്ന (റോമ. 8:17; വെളി. 20:4,6) മനുഷ്യസമൂഹം മരണനിദ്രയിൽ നിന്ന് ഉണർന്ന് (ദാനി. 12:2; യോഹ. 5:28.29; അപ്പൊ. 24:15) ക്രിസ്തുവിങ്കലേക്കു വരും: അപ്പോൾ **പുത്രന്മാരായിട്ടുള്ളവർ** (മുന്നമേ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടുള്ള ക്വാസി-ഇലക്റ്റ്) വിശ്വസിച്ചിട്ടില്ലാത്തവരായി നിലനില്ക്കുന്ന മനുഷ്യസമൂഹത്തെ, പുറജാതികൾ മുതലായവരെ "വചനമെന്ന മായമില്ലാത്ത പാൽ" ആകുന്ന ലളിതസത്യങ്ങൾ കൊണ്ട് പഠിപ്പിക്കും (1 പത്രൊ. 2:2). ഈ ദുർബലരെക്കുറിച്ചാണ് ദൈവം നിന്റെ **പുത്രിമാരെ** പാർശ്വത്തിൽ വഹിച്ചുകൊണ്ടുവരും എന്നു പറഞ്ഞിരിക്കുന്നത്.

ലൂക്കൊസ് 11:1 ൽ ഒരു വിളക്ക് നമ്മുടെ കാലിന് ദീപവും നമ്മുടെ പാതക്ക് പ്രകാശവുമാകുന്നതിനെക്കുറിച്ച് മറ്റൊരു തരത്തിൽ വിവരിച്ചിരിക്കുന്നു: "അവൻ ഒരു സ്ഥലത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു; തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോട്: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു". തന്റെ ശിഷ്യന്മാരുടെ അപേക്ഷയ്ക്ക് മറുപടി പറയുമ്പോൾ ഗുരു ഒരു മാതൃകാ പ്രാർത്ഥന അവർക്ക് നല്കി. ഈ പ്രാർത്ഥന തീർച്ചയായും ഭൂരിപക്ഷം ആളുകളും പ്രാർത്ഥിക്കുന്നതിൽ നിന്ന് വളരെ വ്യത്യസ്ഥമായി ബാഹ്യദൃഷ്ടിയിൽ ഒട്ടുംതന്നെ മാതൃകയായി തോന്നാത്ത തരത്തിലുള്ളതായിരുന്നു. കർത്താവിനോട് വളരെ കൂടുതൽ സംസാരിക്കാതെ കർത്താവിന്റെ വചനം ശ്രദ്ധിച്ചുകേൾക്കുന്നതാണ് സാധാരണ രീതി. അവൻ നമ്മോടു സംസാരിക്കുമ്പോൾ നാം വളരെ കൂടുതൽ ശ്രദ്ധ കൊടുക്കണം. ഈ പ്രാധാന്യമേറിയ ചിന്ത കവി നന്നായി വെളിപ്പെടുത്തിയിരിക്കുന്നു.

> **ഗുരുവെ, അരുൾക! നിൻദാസനിതാ കേൾക്കുന്നു,**
> **കാക്കുന്നു, നിൻ കരുണാമയ വാക്കുകൾക്കായ്,**
> **ആശിക്കുന്നു, നിൻസംതൃപ്തമാം ശബ്ദത്തിനായ്**
> **ഗുരുവെ, കേൾക്കുമാറാക്കുക തൽക്ഷണം!**
> **വാഞ്ഛിക്കുന്നു, കർത്താവേ നിനക്കായ്!**
> **മൊഴിഞ്ഞീടുവാനെന്തെന്നോടായ് നിനക്ക്!**

നാം ഇടവിടാതെ പ്രാർത്ഥിക്കണം. നാം അപേക്ഷിച്ചിട്ടുള്ളതും നമുക്കായി വാഗ്ദത്തം ചെയ്തിട്ടുള്ളതുമായ കാര്യങ്ങൾ വേഗത്തിൽ വരാതിരിക്കുമ്പോഴും നിരാശയുടെ ആത്മാവിലല്ലാതെ നാം ഇതെപ്പോഴും ചെയ്യേണ്ടതാണ്. വാഗ്ദത്ത വചനം നിശ്ചയമുള്ളതാണെന്നോർക്കേണ്ടവരാണു നാം. നാം ഈ വാഗ്ദത്തങ്ങളിൽ ഉറച്ചിരുന്നാശ്രയിച്ച് നിരന്തരം അതിനായി യാചിച്ചുകൊണ്ട് അവയുടെ നിവൃത്തിക്കായി കാത്തിരിക്കണം – സഹിഷ്ണുതയോടും പ്രത്യാശയോടും കൂടെ. അതുകൊണ്ട് നമുക്ക് നിന്റെ രാജ്യം വരേണമേ" യെന്ന് ഇടവിടാതെ പ്രാർത്ഥിക്കാം. ഇങ്ങനെ പ്രാർത്ഥിക്കുന്നത് ഓരോ സെക്കന്റിലും ഓരോ മണിക്കൂറിലും ഈ വാക്കുകൾ ആവർത്തിച്ചു കൊണ്ടല്ല, പിന്നെയോ നിരന്തരം ഈ ചിന്തയിലും ഈ പ്രതീക്ഷയിലും നിലനിന്നുകൊണ്ടും ആ രാജ്യത്തിന്റെ താല്പര്യാർത്ഥം പ്രവർത്തിച്ചുകൊണ്ടും നമുക്ക് ആ രാജ്യത്തിൽ ഒരോഹരി ഉണ്ടാകേണ്ടതിന് നമ്മുടെ സ്വഭാവത്തിന് മൂല്യശോഷണം സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടും വേണം. നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ട ചിന്ത, ഒരുപക്ഷേ വളരെ കൂടുതലായി ചോദിക്കുവാൻ നമുക്കു വൈമുഖ്യമുണ്ടെങ്കിലും കർത്താവു നമുക്കുവേണ്ടി വളരെ കൂടുതൽ അനുഗ്രഹങ്ങൾ മുൻകരുതിയിട്ടുണ്ടെന്നുള്ളതാണ്. അതുകൊണ്ട് നമ്മുടെ അപേക്ഷകൾ ചുരുങ്ങിയിരിക്കണം.

നമ്മുടെ പ്രാർത്ഥനകൾ നന്ദി അർപ്പിക്കലും സ്തുതി അർപ്പിക്കലും കർത്താവിനോടുള്ള നമ്മുടെ ആത്മാർത്ഥതയുടേയും തന്നിലുള്ള നമ്മുടെ വിശ്വാസാശ്രയത്തിന്റെയും സൂചനകളും ജ്ഞാനത്തിനും കൃപയ്ക്കും ജീവനകാര്യങ്ങളിലുമുള്ള വഴിനടത്തിപ്പിനായുള്ള അപേക്ഷയുമായിരിക്കണം. പരിശുദ്ധാത്മാവ് ദൈവികസ്വാധീനവും ദൈവത്തിന്റെ ചിത്തവൃത്തിയുമാണെന്നു നാം അറിയുമ്പോൾ പിന്നെ എന്തിനുവേണ്ടിയാണു പ്രാർത്ഥിക്കേണ്ടതെന്ന് നാം അറിയും. നമ്മെ കൂടുതൽ ശാന്തരും കൂടുതൽ ദയയുള്ളവരും കൂടുതൽ സ്നേഹമുള്ളവരുമാക്കി തീർക്കുന്നതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൂടുതൽ കൂടുതലായി നമുക്കാവശ്യമുണ്ട്. നമുക്ക് കൂടുതൽ കൂടുതലായി ക്രിസ്തുവിന്റെ മനസ്സും ആവശ്യമുണ്ട് (മനസ്സ് എന്നും ആത്മാവ് എന്നും ഇവിടെ പരസ്പരം മാറിമാറി ഉപയോഗിച്ചിരിക്കുന്നു). ക്രിസ്തുവിന്റെ ഈ മനസ്സുണ്ടാകുന്നതിനു പരിശ്രമിക്കേണ്ടതാണെന്ന് നാം മനസ്സിലാക്കണം (ഫിലി. 2:5-8).

ദൈവവചനം നമ്മെ പഠിപ്പിക്കുന്ന ദൈവത്തിന്റെ ഇഷ്ടത്തിലും ദൈവിക പ്ലാനിലും കൂടെയാണ് നാം

പോകേണ്ട വഴി നമുക്കു മനസ്സിലാകുന്നത്; ഇതിൽ നിന്ന് ഒരു ക്രിസ്ത്യാനിക്ക് പ്രാർത്ഥന തികച്ചും അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാകുന്നു. ഇതു മനസ്സിലാക്കാൻ കഴിയാത്തതാണ് പരസ്യസ്വീകാരമുള്ള അനേക ദൈവമക്കളുടെയും വലിയ വിശ്വാസമില്ലായ്മയുടെ കൂടിയ അളവിലുള്ള കാരണമായി സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ലോകത്തിൽ പാപം വാഴുന്ന ഈ സുദീർഘമായ ഇരുളടഞ്ഞ രാത്രിയിൽ നമുക്കു വഴികാട്ടിയായി നല്കിയിരിക്കുന്ന ദൈവവചനം മാത്രമാണ് നമ്മുടെ വിളക്ക് എന്നതുകൊണ്ട് ഒരളവിലുള്ള പ്രാർത്ഥനയും കർത്താവിന്റെ വചനം പഠിക്കാതെ നിരസിക്കുന്നതിനു പരിഹാരമാവുകയില്ല. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു" (സങ്കീ. 119:105).

**യുദ്ധത്തിൽ നിന്നു സമാധാനത്തിലേക്ക്**

യഹോവയുടെ രക്ഷാകര പദ്ധതി ഒരു സമയത്തേക്ക് യുദ്ധവും ഒരു സമയത്തേക്ക് സമാധാനവും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണോ? അതെ; "എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട്" സഭാ. 3:1). ഇപ്പോഴത്തെ ദുഷ്ടലോകത്തിന്റെ കാലദൈർഘ്യം പ്രത്യേകിച്ച് ഒരു യുദ്ധകാലത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള "പുതിയ ഭൂമി" ഒരു സമാധാനത്തിന്റെ നാളുകൾക്ക് മുന്നോടിയായി വരികയും അങ്ങനെ യുദ്ധം അനുവദിച്ചതിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അതിന്റെ പൂർത്തീകരണത്തിൽ എത്തിച്ചേരുകയും ചെയ്യും.

തീർച്ചയായും ഭൂമിയുടെ ആധിപത്യം ഇനിയും ആരുടെ തോളിലാണോ സമാധാനത്തിൽ വിശ്രമിക്കേണ്ടത് ആ വലിയ സമാധാനപ്രഭുവിന്റെ ആധിപത്യം തിരിച്ചറിഞ്ഞ് സകല ഈലോക ഭരണകൂടങ്ങളും തങ്ങളുടെ ആധിപത്യം ഉപേക്ഷിക്കുന്നതിനുള്ള സമയം വന്നുകൊണ്ടിരിക്കുന്നുവെന്ന് ദൈവവചനം നമുക്ക് ഉറപ്പുനല്കുന്നു. യെശയ്യാവ് 9:6 ൽ മുൻകൂട്ടി പറഞ്ഞിരിക്കുന്നു, അവന്, വീരനാം ദൈവം, നിത്യപിതാവ് സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" എന്ന്. ദൂതന്മാർ ഉൽഘോഷിച്ച ആ ഒരുവന്റെ ജനനത്തെക്കുറിച്ച് വിശുദ്ധ ലൂക്കൊസും രേഖപ്പെടുത്തിയിരിക്കുന്നു. ഈ പരാമർശത്തിൽ, പ്രസക്തി കൊടുത്തു പറഞ്ഞിരിക്കുന്നത് ഭൂമിയിലെ സമാധാനത്തിനാണ് (യെശ. 9:6; ലൂക്കൊ. 2:10-14). ദാനിയേൽ പ്രവാചകനിലൂടെ ദൈവം, "മനുഷ്യപുത്രനോടു സദൃശ്യനായി" വരുവാനിരിക്കുന്ന ഒരുവനെക്കുറിച്ച് സൂചന നല്കിയിരിക്കുന്നു; അവന് ആധിപത്യവും രാജത്വവും നല്കുമെന്നും അത് നശിച്ചുപോകാത്ത ആധിപത്യമായിരിക്കുമെന്നും പറഞ്ഞിരിക്കുന്നു. രാജത്വം ഒന്നാമതായി പിതാവിന്റേതായിരിക്കുമെങ്കിലും പിതാവ് തന്റെ പുത്രനെ ഭൂമിയിലെ പുതിയ ഭരണകൂടത്തിന്റെ സകലകാര്യങ്ങളെയും ഭരിച്ചുനടത്തുന്നതിന് "സകലത്തിന്റെയും അവകാശിയായിട്ട്" നിയമിക്കും. യേശു, ദൈവം തനിക്കു നല്കിയിരിക്കുന്ന അധികാരം തിരിച്ചറിഞ്ഞ്, ഒന്നാമത്തെ വരവിലെ തന്റെ ശുശ്രൂഷാകാലത്തിന്റെ അവസാനത്തോടുകൂടി ശിഷ്യന്മാരോടു പറഞ്ഞത് "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" എന്നാണ് (ദാനി. 7:13,14; എബ്രാ. 1:1-8; മത്താ. 28:18).

വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന സമാധാനം, കക്ഷികൾ തമ്മിൽ ഇപ്പോൾ നിലനില്ക്കുന്ന ശത്രുതകൾക്കുള്ള ഒരു താല്ക്കാലിക പരിഹാരമായിരിക്കയില്ല. ഒന്നാമതായി ഇത് **സമാധാനത്തിന്റെ ഒരു പുനഃസ്ഥാപനമായിരിക്കും** – ദൈവവും മനുഷ്യവർഗ്ഗവും തമ്മിലുള്ള ഒരു വിശുദ്ധമായ രഞ്ജിപ്പും, സ്രഷ്ടാവും അനുസരണം കെട്ട സൃഷ്ടികളും തമ്മിലുള്ള സമാധാനലംഘനത്തിന് ഒരു പരിഹാരവും എല്ലാ ജീവിതകാര്യങ്ങളെയും മഹത്തരവും സുന്ദരവുമാക്കുന്നതുമായിരിക്കും. രക്ഷകന്റെ ഒന്നാമത്തെ വരവിൽ ഈ സമാധാനലംഘനത്തിനു പരിഹാരം വരുത്തുക എന്നുള്ളതായിരുന്നു തന്റെ ഉദ്ദേശ്യം. "അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടുണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10). മറ്റു ദൈവോദ്ദേശ്യങ്ങൾ പുരോഗമിക്കുമ്പോൾ ഈ ജീവൻ നല്കലിന് കാലവിളംബമുണ്ടാകുന്നത് തിന്മയുടെ പരിചയിക്കലിലിരിക്കുന്ന ഭൂമിയിലെ ജനകോടികളെ സംബന്ധിച്ച് ഒരു ചെറിയ പരാധീനതയല്ലെങ്കിലും, ശരിയായ ഹൃദയനിലയുള്ള സ്ത്രീകളെയും പുരുഷന്മാരെയുമെല്ലാം പുതിയ കാര്യക്രമങ്ങളുടെ പ്രയോജനം കാണുമ്പോൾ, ഏറ്റം ഹൃദയസന്തോഷത്തോടെ സ്വീകരിപ്പാൻ അത് അവരെ പ്രേരിപ്പിക്കും. ദൈവികനിയമത്തിന്റെ ഒന്നാം ഭാഗം പിന്നെ അനുഷ്ഠിക്കപ്പെടും: "**നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം**" (മത്താ. 22:37, ഡയഗ്ലോട്ട്).

പല നഗരങ്ങളിലെയും തെരുവുകൾ അസ്വസ്ഥമായും സഹമനുഷ്യരെ കൊല്ലുന്നതിനുള്ള പോർക്കളമായും മാറിക്കൊണ്ടിരിക്കുന്നത് സാധാരണ സംഭവമായി തീർന്നിരിക്കുന്നു. വെറുപ്പും മറ്റും കൊണ്ടു തങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുന്നതിനും ലഹരിവസ്തുക്കളുടെ വില്പനയ്ക്കും അനാശാസ്യ ലൈംഗികതയ്ക്കും ഈ ലോകത്തിൽ അനുമതി നല്കപ്പെട്ടിരിക്കുന്നു; ക്രിസ്തീയ മനസ്സു

ള്ള ആളുകൾ, ആയോധനങ്ങളിലും, ദൈവത്തിന്റെ രക്ഷാകര പദ്ധതികൾ കുഴപ്പങ്ങളുടെ കേടുപോക്കി നന്നാക്കുന്ന പദ്ധതികളായി മാറിയിരിക്കുന്നതിലും ദുഃഖിക്കുന്നു. യെശയ്യാ പ്രവാചകൻ ഈ ലേഖനത്തിൽ, കർത്താവ് പ്രാദേശികവും അന്തർദേശീയവുമായി തർക്കപരിഹാരം വരുത്തുന്നതിനെക്കുറിച്ച് വെളിപ്പെടുത്തുന്നു. നശീകരണായുധങ്ങളുണ്ടാക്കുന്ന വലിയ യുദ്ധോപകരണ ഫാക്ടറികളെയും മറ്റും വിദഗ്ദ സാങ്കേതികവിദ്യ ഉപയോഗിച്ച് മനുഷ്യർക്കെല്ലാം ജീവനം അനുഗ്രഹവും പ്രദാനം ചെയ്യുന്ന ഉപാധികളായി മാറ്റും (യെശ. 2:4). "എന്റെ വിശുദ്ധ പർവ്വതത്തിൽ (രാജ്യത്തിൽ) എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല" (യെശ. 11:9). വന്നു കൊണ്ടിരിക്കുന്ന സ്ഥിതികളെ സ്വദേശീയമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു നോക്കുമ്പോൾ പട്ടണങ്ങളും തെരുവീഥികളുമൊന്നും പിന്നൊരിക്കലും ദുർഘട സ്ഥലങ്ങളായിരിക്കയില്ല. ഇനി ഒരിക്കലും ഒരു മനുഷ്യന്റെയും കൈ അവന്റെ അയല്ക്കാരനു വിരോധമായിരിക്കയില്ല. പുതിയ ഭരണവ്യവസ്ഥയിൻ കീഴിൽ ഒന്നിനെയും ഉപദ്രവമൊ ദോഷമൊ ചെയ്യാൻ അനുവദിക്കയില്ല. കർത്താവിന്റെ ശരിയായ രീതി ഇതുവരെയും വെളിപ്പെട്ടിട്ടില്ലെങ്കിലും വ്യക്തിഗതവും രാഷ്ട്രീയവുമായ ശത്രുതകളെല്ലാം പൂർണ്ണമായും നിർവ്വീര്യമാക്കപ്പെടുമെന്ന് നമുക്ക് ഉറപ്പുണ്ട്. ദൈവിക നിയമത്തിന്റെ രണ്ടാംഭാഗം യേശു സംക്ഷിപ്ത രൂപത്തിൽ പറഞ്ഞിരിക്കുന്നത് സാർവ്വദേശീയമായി നടപ്പിൽ വരും: "നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം" (മത്താ. 22:39, ഡയഗ്ലോട്ട്).

**"സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതു പോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ട് പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല" (യെശ. 11:9)**



മതപരമായ പോരാട്ടങ്ങൾ നിന്നുപോകും. "സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതു പോലെ ഭൂമി **യഹോവയുടെ** പരിജ്ഞാനം കൊണ്ട് പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിലെങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല" (യെശ. 11:9). ഏതൊരു ഇരുളിൽ വലിയ ഭൂരിഭാഗം മനുഷ്യവർഗ്ഗവും ജീവിച്ചിരുന്നു മരിച്ചുവോ, ആ ഇരുൾ നീക്കപ്പെടുകയും യേശുക്രിസ്തുവിലൂടെയുള്ള ജീവരക്ഷ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രാപ്യമാവുകയും ചെയ്യും. അതിനിടയാകാത്തവരായി ആരും ഉണ്ടാവുകയില്ല (യോഹ. 14:6; അപ്പൊ. 4:12). എല്ലാവർക്കും സമൃദ്ധിയായി ജീവനുണ്ടാകേണ്ടതിനാണ് ദൈവം തന്റെ പുത്രന്റെ ജീവനെ അർപ്പിക്കുന്നതിന് അവനെ ലോകത്തിലേക്ക് അയച്ചത്. അത്രമാത്രം ദൈവം ലോകത്തെ – സർവ്വജാതികളെയും – സ്നേഹിച്ചു. ജീവനിലേക്കുള്ള ദൈവിക വിളികളിൽ ഓരോന്നിലും കൂടെ അന്തിമമായി ഉണ്ടാകുന്ന സ്വീകാര്യത അക്ഷരാർത്ഥത്തിൽ തന്നെ യെശ. 19:22-25 വരെയുള്ള വാക്യങ്ങളിൽ വർണ്ണിച്ചിരിക്കുന്നു; മുൻപ് വിശ്വാസ വിഷയങ്ങളിൽ കഠിന ശത്രുതയിലായിരുന്നവർ സമാധാനത്തിൽ ഐക്യതപ്പെടുന്നതായി ഇവിടെ കാണുന്നു. ഇതിനെ ബലപ്പെടുത്തുന്ന ചില വേദഭാഗങ്ങൾ: "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രെ; വെളിപ്പെട്ടിരിക്കുന്നവയൊ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചു നടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആവ. 29:28) "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവുമായി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്ക് വിളിക്കപ്പെട്ടിരിക്കുന്നുവല്ലൊ (യിര. 15:16). "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവുമാകുന്നു" (സങ്കീ. 119:105).

### ഒരു ഉജ്ജ്വലത്തായ പ്രകാശം

ദൈവിക വെളിപ്പാടുകളുടെ പ്രകാശം മങ്ങിയ നീതിയിൽ മാത്രമാണ് ശോഭിക്കുന്നതെന്നാണ് ധാരാളം ചരിത്രവും. അബ്രഹാമിനോടും മറ്റുള്ളവരോടും ചെയ്ത വാഗ്ദത്തങ്ങളും നിഴൽരൂപത്തിൽ നല്കിയ നിയമ ഉടമ്പടികളും യിസ്രയേൽ ജനതയ്ക്കു നല്കിയ അനുഷ്ഠാന ചടങ്ങുകളും എല്ലാം ദൈവത്തിന്റെ നിഴൽരൂപത്തിലുള്ള അസ്ഥിരവും കരുണാപൂർവ്വവുമായ മാതൃകാചിത്രങ്ങളായിരുന്നു. നാം യേശുവിന്റെ നാളിലേക്കു വരുന്നതനുസരിച്ച് പ്രകാശം വർദ്ധിച്ചുവരുന്നു.

യേശു പഠിപ്പിച്ച സുവിശേഷം പെന്തെക്കൊസ്തിനു

ശേഷം ഗ്രഹണ സാദ്ധ്യമായി തീർന്നപ്പോൾ, ലോകത്തിനു വേണ്ടിയുള്ള അനുഗ്രഹങ്ങൾ ശാശ്വതമായി നിലനില്ക്കുന്നതാണെന്ന് സഭയ്ക്കും കാണാൻ കഴിഞ്ഞു; ഈ ഉദ്ദേശ്യസാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള രാജ്യം 'ആത്മീയ' രാജ്യമായിരിക്കുമെന്നും അതിന്റെ കൂട്ടിച്ചേർപ്പ് "സാക്ഷാൽ യിസ്രായേല്യർ" എന്ന് യേശു ഉപയോഗിച്ച വാക്കിൽ അർത്ഥമാക്കിയിരിക്കുന്ന പ്രകാരമുള്ള ആളുകളെക്കൊണ്ടായിരിക്കുമെന്നും കാണാൻ കഴിഞ്ഞു. മനോനിലയിലും സ്വഭാവത്തിലും പ്രാവചനിക വിശ്വാസം നിലനിർത്തി ജീവിച്ച സ്ത്രീകളും പുരുഷന്മാരുമാണ് സാക്ഷാൽ യിസ്രായേല്യർ.

യഥാർത്ഥ സത്യസഭ യഹൂദന്മാരിൽ നിന്നും ജാതികളിൽ നിന്നുമായി കൂട്ടിച്ചേർക്കപ്പെട്ടിട്ട് വലിയ അധികാരങ്ങളോടും ശക്തിയോടും കൂടി ആത്മതലത്തിലേക്ക് ഉയർത്തപ്പെടേണ്ട ഒരു ഗണം, ഒരു "ചെറിയ ആട്ടിൻകൂട്ടം" ആയിരിക്കണമായിരുന്നു. യേശു സുവിശേഷത്തിന്റെ പ്രകാശത്താൽ ജീവനും അക്ഷയതയും കൊണ്ടുവന്നെന്നു നാം വായിക്കുന്നു (2 തിമൊ. 1:10). യേശു മുൻകൂട്ടി പറഞ്ഞതുപോലെ യേശുവിന്റെ നാൾ മുതൽ പിന്നെയും കൂടുതൽ പ്രകാശം ശോഭിച്ചുകൊണ്ടിരിക്കുന്നു. "ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും.... വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും" (യോഹ. 16:12,13).

അപ്പൊസ്തലന്മാർ നിദ്ര കൊണ്ട ശേഷം ഈ പുതിയ സഭ വഴിനടത്തിപ്പിനായി മാനുഷിക പഠിപ്പിക്കലുകാരിലേക്ക് തിരിയുവാൻ തുടങ്ങി. ലൗകികന്മാരും അധികാരമോഹികളുമായ അനേക നേതാക്കന്മാരും, മഹത്വമാനങ്ങളുള്ള പദവികളും അധികാരസ്ഥാനങ്ങളും ആഗ്രഹിച്ച് ദൈവത്തിന്റെ അവകാശത്തിന്മേൽ കർത്തൃത്വം നടത്താൻ തുടങ്ങി. നില അനുസരിച്ച് "പുരോഹിതന്മാരും" "സാധാരണക്കാരും" തമ്മിൽ സ്ഥാനഭേദം കല്പിച്ചു. ഇത് ഒടുവിലായി വിശ്വാസികളെ വേദപരമല്ലാത്ത ഒരുതരം കഠിനമായ സ്വാഭിപ്രായ സിദ്ധാന്തങ്ങൾ കൊണ്ട് അടിമകളാക്കുന്നതിലേക്ക് നയിച്ചു. ഈ അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയുണ്ടായ ധീരവും ധർമ്മനിഷ്ഠവുമായ പോരാട്ടത്തിന്റെ ഫലമായി രൂപം കൊണ്ട നവോത്ഥാനം വഴി ബൈബിൾ പ്രവർത്തനസജ്ജമായി. ദൈവം തന്റെ വചനത്തിനുവേണ്ടി എഴുന്നേല്പിച്ച ധീരപോരാളികളിൽ ചിലരായിരുന്നു ലൂഥർ, സിംഗ്ലി, മെലാഗ്ടൺ, വിക്ലിഫ്, നോക്സ് മുതലായവരും അതുപോലെ വേറെ പലരും. മതപരമായ കാര്യങ്ങളിലുള്ള മന്ദത (ഉണർവ്വില്ലായ്മ) പൊതുവെ ഇന്നത്തെ ലോകത്തിൽ പാശ്ചാത്യ സമൂഹത്തിന് കളങ്കമായിരിക്കുന്നു!

കൂടിയ അളവിലുള്ള ലംഘനങ്ങളും, കുറ്റകൃത്യങ്ങളും, വസ്തുക്കളുടെ മോഷണവും, പ്രചാരത്തിലിരിക്കുന്ന ധർമ്മനീതി തത്വങ്ങളുടെയും സിദ്ധാന്തങ്ങളുടെയും നേർക്കുള്ള ദൂരവ്യാപക ദൂഷ്യഫലങ്ങളുളവാക്കുന്ന തിരസ്കരണവും വളരെയധികം ജനാധിപത്യരാജ്യങ്ങളിലും പരക്കെ വ്യാപിച്ചിരിക്കുന്നു. ഇതെല്ലാം കാണിക്കുന്നതിന് ധാരാളം സങ്കീർണ്ണ ഘടകങ്ങളുണ്ട്; എന്നാൽ ഇതെല്ലാം ദൈവം നല്ലതുപോലെ മേൽവിചാരണ ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത് സംശയിക്കാനാവശ്യമില്ലാത്ത ഒരു ഘടകമാണ്. വർത്തമാനകാലത്തിലേതും ഭാവിയിലേതുമായ ഏതൊരറിവിനും വേണ്ടി നമുക്ക് പ്രവാചകന്മാരുടെയും അപ്പൊസ്തലന്മാരുടെയും വചനങ്ങളിലേക്ക് തിരിഞ്ഞുനോക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. പാകമാകുന്നതുവരെ വെളിപ്പെടാതിരിക്കാൻ ദൈവം നിഗൂഢമായി രേഖപ്പെടുത്തിയിരുന്ന, തന്റെ ഹിതത്തിന്റെ മർമ്മം ഇന്നതെന്ന് ക്രിസ്തീയസഭയ്ക്ക് അറിയിച്ചുതന്നതിനെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് നമ്മോടു പറയുന്നു (എഫെ. 1:9,10,17,18; 3:4-6).

എന്നാൽ താരതമ്യേന ചുരുക്കം പേർക്കു മാത്രമെ ഇതു കേൾക്കുന്നതിനുള്ള ചെവിയും ഇത് അനുസരിക്കുന്നതിനുള്ള ഹൃദയവും ഉള്ളൂ; അനേകരും നിരാശപ്പെടാവുന്നതുമാണ്. വ്യംഗ്യാത്മകമായി വിപരീതാർത്ഥകമായി പറഞ്ഞിരിക്കുന്ന പ്രവചനങ്ങളുടെ അർത്ഥം പ്രവാചകന്മാർക്കോ ദൂതന്മാർക്കോ മനസ്സിലായില്ല. വിശുദ്ധ പത്രൊസ് പറയുന്നത്: ഇതിന്റെ അർത്ഥം അവർ ആരാഞ്ഞു നോക്കിയപ്പോൾ ദൈവം അവരോട് പറഞ്ഞത്, അവരുടെ പ്രവചനങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്ന സത്യം അവർക്കു വേണ്ടിയുള്ളതല്ല, പിന്നെയൊ ക്രിസ്തുയുഗത്തിലുള്ളവർക്കു വേണ്ടിയുള്ളതാണെന്നാണ് (1 പത്രൊ. 1:11,12). സഭ സകലസത്യത്തിലും വഴിനടത്തപ്പെടുമെന്ന് യേശു വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിലും അത് ക്രമേണയുള്ള ഒരു ചുരുളഴിക്കലിൽ കൂടിയായിരിക്കുമെന്നുള്ളത് തെളിവാണ്.

വലിയവനായ യഹോവയുടെ, തങ്ങളെ സംബന്ധിച്ച കരുണാപൂർവ്വമായ ഉദ്ദേശ്യമെന്തെന്നു തിരിച്ചറിയാതെ സർവ്വസൃഷ്ടികളും ജന്മനാ തന്നെ കണ്ണു കാണാനാവാതെ ഈറ്റുനോവോടും ആകാംഷയോടും കൂടെ ഞരങ്ങിക്കൊണ്ട് അന്ധകാരത്തിൽ സഹസ്രാബ്ദ വെളി

ച്ചത്തിനായി തപ്പിനടക്കുന്നു. മഹാവലിയ സ്രഷ്ടാവ് മനുഷ്യവർഗ്ഗത്തെ അത്ഭുതപ്പെടുത്തുന്ന തരത്തിൽ എല്ലാവർക്കുമായി ഒരു വലിയ സദ്യ ഒരുക്കിക്കൊണ്ടിരിക്കുന്നു – അവർക്ക് ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയുന്നതിലും മാഹാത്മ്യമേറിയ ഒരു സദ്യതന്നെ.



**നിരുത്സാഹപ്പെടരുത്!**

മത്താ. 24:46-47
പറയപ്പെട്ടിരിക്കുന്ന
“ആ ദാസൻ” പാസ്റ്റർ
ചാൾസ് ടെയ്സ് റസ്സൽ
ആണ്. **അദ്ദേഹത്തിന്റെ പ്രവൃത്തി നിലനില്ക്കും!**
അദ്ദേഹം പറഞ്ഞതുപോലെ,
അനേകർക്കും ഏതൽക്കാല
സത്യത്തോട് അന്നും ഇന്നും
ശക്തമായ എതിർപ്പുണ്ട്.

തങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെ സാധൂകരിക്കുന്ന തരത്തിൽ മുന്നോട്ടുകൊണ്ടു പോകുന്നതിന് വിപ്ലവകരമായ കാഴ്ചപ്പാടിൽ മരണവിധേയരായ മനുഷ്യവർഗ്ഗം പ്രകടനപത്രികാരൂപത്തിൽ എഴുതി പ്രസിദ്ധീകരിച്ചിരിക്കുന്ന പല മാനിഫെസ്റ്റോകളുമുണ്ട് (PT 1996, P. 60). എങ്ങനെയായാലും നാം ഐക്യതപ്പെട്ടു പറ്റിച്ചേർന്നു നില്ക്കുന്ന മാനിഫെസ്റ്റോ അഥവാ പ്രകടനപത്രിക യഹോവയുടെ വചനമാണ്: “പത്തു കല്പനകൾ”!

### കാലോചിതമായ ഒരു ചോദ്യം
### നമ്മുടെ പാസ്റ്ററുടെ വേല നിലനിൽക്കുമോ?

“യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്യുകാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവെക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” (മത്താ. 24:46,47).

ഞങ്ങളുടെ ഉത്തരം: ഇതൊരു ചോദ്യം ചെയ്യപ്പെടാനാവാത്ത നിശ്ചിതമായ കാര്യമാണ്. ദൈവത്തിന്റെ സമർപ്പിതമക്കൾ എന്ന നിലയിൽ നമ്മുടെ പാസ്റ്ററുടെ സുഗന്ധം പരത്തുന്ന ഓർമ്മ നമ്മുടെ ഇടയിൽ സൂക്ഷിക്കുന്നതിൽ നമുക്കു സന്തോഷമുണ്ട്; അതുകൊണ്ട് പരമാവധി വിശ്വസ്തതയോടെ തിരഞ്ഞെടുക്കപ്പെട്ട ആ പാത്രത്തിലൂടെ നല്കിയ ദൈവവചനം നാം പഠിക്കുന്നു. അദ്ദേഹത്തെ തങ്ങളുടെ പാസ്റ്ററെന്ന് അവകാശപ്പെട്ട ഒരു വിഭാഗം പെട്ടന്നു തന്നെ അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളിൽ നിന്ന് വഴുതിപ്പോയിട്ടുണ്ടെന്ന് തീർച്ചയായും ഞങ്ങൾ മനസ്സിലാക്കുന്നു; അരിക്കലുകാരായ ഓരോരുത്തരും തെറ്റു പഠിപ്പിച്ചുകൊണ്ടിരുന്നതാണ് ഇതിനു കാരണം.

R-2512 ൽ നിന്നുള്ള നമ്മുടെ പാസ്റ്ററുടെ വാക്കുകൾ: “തങ്ങൾ കേട്ട യഥാകാലസത്യത്തോട് അനേകർക്കും ശക്തമായ എതിർപ്പുണ്ട്; താരതമ്യേന ചുരുക്കം ചിലർക്കു മാത്രമെ എതിർപ്പിനെ അനുകൂലിക്കാതെ കേൾക്കുന്നതിനുള്ള ചെവിയും അനുസരിക്കുന്നതിനുള്ള ഹൃദയവുമുള്ളു”.

ഈ ദുഷ്ടലോകത്തിൽ ഓരോ യുഗത്തിലെയും നിലവിലുള്ള ഭരണവ്യവസ്ഥ വെളിവാക്കുന്നതനുസരിച്ച് ഇതെത്ര ശരിയാണ്! ലോകവും ജഡവും പിശാചും ചേർന്ന് പാപത്തെയും അസത്യത്തെയും സ്വാർത്ഥതയെയും ലോകമയത്വത്തെയും നീതിവിരുദ്ധമായി സഖ്യകക്ഷികളായി കൂട്ടുപിടിച്ച് ഭൂമി മുഴുവനും പരന്ന് സകലതിനെയും കീഴടക്കുന്നതായി പലപ്പോഴും തോന്നുന്നു. ഇതിനെ അലക്ഷ്യമാക്കിക്കൊണ്ട് വിശ്വസ്ത ദൈവദാസന്മാർ നിരാശപ്പെടാതെ ദൈവിക വാഗ്ദത്തങ്ങൾ ഹൃദയത്തിലെടുക്കുന്നു. സത്യത്തിനുള്ള ഈ ക്ഷാമം, പുതിയ നിയമഉടമ്പടിയുടെ ഉൽഘാടനവും ഈ ഭൂമിയിലെ എന്നേക്കുമായുള്ള ദൈവരാജ്യത്തിന്റെ സ്ഥാപനയും വരെ നീളും എന്നു ഞങ്ങൾ മനസ്സിലാക്കുന്നു (മത്താ. 6:9,10; വെളി. 21:1-4). അതിനുള്ള സമയം ജറുശലേമിലെ പുരാതന വിശുദ്ധ പിതാക്കന്മാരുടെ പുനരുത്ഥാനത്തിൽ ആരംഭിക്കും (യെശ. 2:2-4; യിരെ. 31:31-34; റോമാ. 1:16; 2:9,10). സാത്താന്റെ തിന്മയുടെ ഭരണം ദൈവം ന്യായേന നല്ല നിമിത്തങ്ങൾക്കായി അനുവദിച്ചതാണ്; സർവ്വശക്തന്റെ മേൽവിചാരണയിൽ അന്തിമമായി ഇത് എല്ലാവർക്കുമായുള്ള ഏറ്റം ഉന്നതമായ അനുഗ്രഹത്തിൽ പര്യവസാനിക്കും. (PT 1984, P. 73).

മനുഷ്യരുടെ അനുഭവവും തങ്ങൾക്കു ശരിയെന്നു തോന്നാവുന്നതുമായ നിലയിൽ നിന്നുകൊണ്ട് ഞങ്ങൾക്ക് നമ്മുടെ ചോദ്യത്തിന് മറുപടി പറയേണ്ടിവരികയായിരുന്നെങ്കിൽ കർത്താവിന്റെ വേലയെ ഉപേക്ഷിച്ച് അതിന്റെ നേട്ടങ്ങളെ നിരാകരിക്കേണ്ടിവരുമായിരുന്നു; അപ്പോൾ മാത്രമേ സത്യത്തിന്റെ ഇടയിലുള്ള വലിയ ഭൂരിപക്ഷം ജനങ്ങളുടെയും പഠിപ്പിക്കലും പരിചയിക്കലും അംഗീകരിക്കാൻ കഴിയുമായിരുന്നുള്ളു. അത്തരത്തിലുള്ള പഠിപ്പിക്കലുകൾ യാഥാർത്ഥ്യമാവുകയി

ല്ലെന്ന് ഞങ്ങൾക്ക് വേദപരമായ ഉറപ്പുണ്ട്. എന്നാൽ (നാമധേയ) സത്യജനങ്ങളുടെ മുൻകാല അനുഭവങ്ങളാലും വിവിധവും വിശാലവുമായ മാനുഷിക പരിവർത്തന ന്യായങ്ങളാലും നിസംശയമായി അവർക്കു തോന്നുന്നത് നമ്മുടെ പാസ്റ്ററുടെ വേല നിലനില്ക്കുകയില്ലെന്നാണ്.

ഇക്കഴിഞ്ഞ കാലങ്ങളിലുടനീളമുള്ള അദ്ദേഹത്തിന്റെ പഠിപ്പിക്കലുകൾക്കും പ്രവർത്തനങ്ങൾക്കുമെതിരായി വിപ്ലവാത്മകമായി ബാഹ്യവിജയത്തിനു വേണ്ടി സ്പഷ്ടമായി പ്രവർത്തിച്ച ശക്തികൾ പിന്നെയും കുറെ വർഷങ്ങൾ കൂടെ ആ പ്രവർത്തനം തുടർന്നിരുന്നെങ്കിൽ, മാനുഷികമായി പറഞ്ഞാൽ, ഒരു വളരെ വലിയ പങ്ക് പരസ്യസ്വീകാര്യതയുള്ള സത്യജനങ്ങൾക്കും തങ്ങളുടെ പഠിപ്പിക്കലുകൾക്കും പ്രവർത്തനങ്ങൾക്കും ഒരു വലിയ അളവിൽ നമ്മുടെ പാസ്റ്ററുടെ പഠിപ്പിക്കലുകളോടും പ്രവർത്തനങ്ങളോടും ഉണ്ടായിരുന്ന ബന്ധം ഇല്ലാതാക്കി, അവരായിരിക്കുന്ന ശരിയായ അവസ്ഥയിൽ നിന്ന് തങ്ങളെ പിൻതിരിപ്പിക്കുവാൻ കഴിയുമായിരുന്നു; അതായത്, അപ്പൊസ്തലിക സഭയുടെ പ്രവർത്തനങ്ങളോട് കത്തോലിക്കാ സഭ സ്വീകരിച്ച നിലപാടിലും മോശമാകുമായിരുന്നു അത്. അദ്ദേഹത്തിന്റെ വേലയ്ക്കെതിരായുള്ള സൊസൈറ്റിയുടെ മൊത്തത്തിലുള്ള പരിവർത്തന കാഴ്ചപ്പാടുകളിൽ ഏറ്റം ആശ്ചര്യകരമായ ഒരു കാര്യം, സൊസൈറ്റി നമ്മുടെ പാസ്റ്ററുടെ പഠിപ്പിക്കലുകളും സിദ്ധാന്തങ്ങളും ക്രമീകരണങ്ങളും വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്നു എന്നു വിചാരിക്കുന്ന അനേകം സൊസൈറ്റി ശിഷ്യന്മാരുടെയും മാനസിക നിലവാരം അളക്കുന്നതിലുള്ളതാണ്. തീർച്ചയായും, അത്തരമൊരു വിവേചനാശക്തിയില്ലാത്ത മനോവ്യാപാരം തുടരുന്ന പക്ഷം അത് നമ്മുടെ പാസ്റ്ററുടെ വേലയെ പൂർണ്ണമായി നിരാകരിക്കുന്നതിലേക്കു നയിക്കും.

എന്നാൽ പ്രിയ സഹോദരന്മാരെ, അനുകൂലമല്ലാതിരുന്ന കഴിഞ്ഞകാല വീക്ഷണങ്ങളെയും നേട്ടങ്ങളെയും കോട്ടങ്ങളെയും ഒന്നുംതന്നെ കണക്കാക്കാതെ പറയട്ടെ, ഭൂമിയിൽ നിന്നു നമ്മുടെ പാസ്റ്ററുടെ വേല നശിച്ചുപോവുകയില്ലെന്ന് വിശ്വാസത്തിന്റെ പൂർണ്ണ ഉറപ്പു ഞങ്ങൾക്കുണ്ട്! ലേവ്യരുടെ തെറ്റു മൂലം വെന്തു നഷ്ടപ്പെട്ടു പോയ അദ്ദേഹത്തിന്റെ പഠിപ്പിക്കലുകൾ തക്കസമയത്ത് ഒരു കോട്ടവും തട്ടാതെ സുരക്ഷിതമായി നമുക്കു കാണാൻ കഴിയും. ലേവ്യരുടെ പരിവർത്തന സമ്പ്രദായത്തിൽ കൂടി നടത്തിയ സത്യത്തിന്റെ വേലയും ചതി പ്രയോഗത്തിലൂടെ നടത്തിയ സത്യത്തിന്റെ വേലയും തീകൊണ്ടു വെന്തുപോയതിനു ശേഷം കർത്താവിന്റെ വേല ചെയ്യുന്നതിനുള്ള അദ്ദേഹത്തിന്റെ ക്രമീകരണങ്ങൾ പുനസ്ഥാപിക്കപ്പെട്ട് വിജയകരമായി മുന്നോട്ടുപോകും; തങ്ങളുടെ പരിവർത്തന സിദ്ധാന്തവും തന്നെത്താൻ ഉയർത്തലും മൂലം അപമാനിതരായി അഴുക്കു ലേവ്യാനേതാക്കന്മാർ തീയിൽ നിന്നു പുറത്തുവന്നതിനു ശേഷം നമ്മുടെ പ്രിയപ്പെട്ട പാസ്റ്ററുടെ പഠിപ്പിക്കലുകളും പ്രവർത്തനങ്ങളും മുഴുമാഹാത്മ്യത്തോടും ഗാംഭീര്യത്തോടും കൂടി ശോഭിക്കും, എന്തെന്നാൽ അപ്പോൾ അതിന്റെ വിജയകരമായ ഫലങ്ങളെ ലേവ്യരുടെ വഴിപിഴച്ച പോക്കു മൂലമുണ്ടായ പരാജയവുമായി താരതമ്യം ചെയ്തു വിലയിരുത്തും! ഇതിൻ ഫലമായി വിശ്വാസം പൂർണ്ണ നിശ്ചയത്തിലേക്ക് വളരുകയും അതുവഴി നാം പ്രതീക്ഷിക്കുന്ന അതിന്റെ നിവൃത്തിക്കുള്ള കർത്താവിന്റെ നല്ല സമയത്തിനായി ദൃഢവിശ്വാസത്തോടെ കാത്തിരിക്കാനും കഴിയും; "കർത്താവിനായുള്ള എരിവ്" "തക്കസമയത്ത് അതിന്റെ ഫലപ്രാപ്തിയിലെത്തിക്കും" തല്ക്കാലത്തേക്കു സഹിക്കേണ്ടിവന്ന ഈ കഷ്ടം തുടർന്നും ഭാഗികമായ ഒരു (സൂര്യ)ഗ്രഹണം പോലെ സഹിക്കേണ്ടി വരുന്നവരും – ഒരു സമയത്തേക്ക് ഇത് ഏറെക്കുറെ ഒരു പൂർണ്ണഗ്രഹണം പോലെ സഹിക്കേണ്ടതായി വന്നെന്നും വരാം – സത്യം ശക്തിയുള്ളതായിരിക്കുന്നതുപോലെ അന്ത്യത്തിൽ അതിന്റെ വിജയം സുനിശ്ചിതമായിരിക്കും; അതുപോലെ പൊരുളിലെ എലയാസാറായ നമ്മുടെ പാസ്റ്റർക്ക് (സംഖ്യ. 3:32; 4:16) യഹോവ, പ്രചരിപ്പിക്കുന്നതിനു വേണ്ടി നല്കിയ സത്യം സുനിശ്ചിതവുമായിരിക്കും; വീണ്ടും അതിന് പൂർണ്ണ സ്ഥിരീകരണം ലഭിച്ച് അദ്ദേഹത്തിന്റെ വേല നിലനില്ക്കും.

കർത്താവിന്റെ ചെമ്മരിയാടുകൾ എന്ന നിലയിൽ നാം അവന്റെ നിരന്തര ഇടയപരിപാലനത്തിൻ കീഴിലാണ്. അവൻ നമ്മെ ഒരുനാളും ഉപേക്ഷിക്കയോ കൈവിടുകയൊ ഇല്ല. "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു" (സദൃ. 4:18). ഇത് നിഴൽചിത്രത്തിലെ അക്ഷരിക മേഘസ്തംഭത്തെയും അഗ്നിസ്തംഭത്തെയും കൊണ്ട് നന്നായി ചിത്രീകരിച്ചിരിക്കുന്നു. ഇത് "പാകമായ സത്യത്തിന്റെയും അതിന്റെ ആത്മാവിന്റെയും ശക്തിയിൽ സുവിശേഷയുഗത്തിലെ ദൈവജനങ്ങളെ പൊരുളായ മിസ്രയീമിൽ നിന്ന് പൊരുളായ കനാനിലേക്ക് വഴിനടത്തുന്നതിനെ കാണിക്കുന്നു" (E-8, P 622). "അവിശ്വസ്തർക്കും കുറെ

യൊക്കെ വിശ്വസ്തരായിരിക്കുന്നവർക്കും അവൻ ഏറെ ക്കുറെ അന്ധകാരമായിരിക്കുമ്പോഴും, തനിക്കുള്ളവരെ പാകമായ സത്യത്തിന്റെയും അതിന്റെ ആത്മാവിന്റെ യും സമൃദ്ധികൊണ്ട് അനുഗ്രഹിച്ച് തന്റെ വിശുദ്ധ പർവ്വതമാകുന്ന രാജ്യത്തിലേക്ക് വഴിനടത്തുന്നതിൽ ഒരിക്കലുമവൻ പരാജിതനാകയില്ല. ഈ അർത്ഥത്തിൽ ഒരിക്കലും അവൻ അവരെ പരാജയപ്പെടാൻ ഇടയാക്കുകയില്ല; എല്ലായ്പ്പോഴും, 'മേഘത്താൽ പകലും അഗ്നിയുടെ ആഗമനത്താൽ രാത്രിയും' മറയ്ക്കപ്പെട്ടിരുന്നു. അതുകൊണ്ട് പ്രിയപ്പെട്ടവരെ, നാം വിശ്വസ്തരായി പാർക്കുന്നുവെങ്കിൽ ദൈവത്തിന്റെ യഥാർത്ഥ ജനത്തിനു വേണ്ടിയുള്ള പൊരുളായ അഗ്നിസ്തംഭത്തിനും മേഘസ്തംഭത്തിനും വേണ്ടി നമുക്ക് എല്ലായ്പ്പോഴും ഉറ്റുനോക്കാം. നാം അതിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നാം അത് എല്ലായ്പ്പോഴും കാണും. അങ്ങനെയായിരിക്കത്തക്കവണ്ണമാണ് ദൈവം അത് രൂപകല്പന ചെയ്തിരിക്കുന്നത്" (PP 631, 632).

ദൈവത്തിന്റെ സമർപ്പിത ജനമെന്ന നിലയിൽ, നമ്മുടെ പാസ്റ്ററുടെ മരണം കഴിഞ്ഞിട്ട് 107 വർഷമായിട്ടും പാകമായ പുരോഗമനസത്യം ഇന്നുവരെയും തുടർച്ചയായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നു. നമ്മുടെ പാസ്റ്ററുടെ വാക്കുകളിൽ പറഞ്ഞാൽ പ്രത്യേകതയുള്ള സത്യത്തിന്റെ പാഠങ്ങൾ തുടർച്ചയായി പാകമായിക്കൊണ്ടിരിക്കുന്നുവെങ്കിലും തങ്ങളുടെ മതപരമായ വിശ്വാസവേലിക്കെട്ടുകൾ മൂലം ക്രിസ്ത്യാനികൾ അത് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒരു ഉദാഹരണത്തിന്: ആദാമും അന്നുള്ളവരാരും അറിഞ്ഞിരുന്നില്ലെങ്കിലും, ഒരു പ്രളയം വരുന്നുണ്ടെന്നുള്ളത് നോഹയുടെ നാളിൽ വിശ്വാസത്തിൽ നടക്കുവാൻ ആഗ്രഹിച്ച ഏവനും വിശ്വസിക്കേണ്ട ഒരു സത്യമായിരുന്നു. വരുവാനുള്ള ഒരു പ്രളയത്തെക്കുറിച്ച് ഇന്നു പ്രസംഗിക്കുകയാണെങ്കിൽ അതു പ്രസംഗിക്കുവാനുള്ള ഒരു സത്യമല്ല. എന്നാൽ ഇന്ന് നമുക്കു പ്രസംഗിക്കാൻ നാം അറിയുന്ന പ്രകാരം, നാം നടന്നുകൊണ്ടിരിക്കുന്ന വെളിച്ചത്തിന്റെ 'വിളക്കിനെക്കുറിച്ചു'ള്ള നിരന്തരം പാകമായിക്കൊണ്ടിരിക്കുന്ന മറ്റ് വ്യവസ്ഥാകാല സത്യങ്ങൾ നമുക്കുണ്ട്.

മേഘസ്തംഭവും അഗ്നിസ്തംഭവും സമാഗമനകൂടാരത്തിന് നേരെ മുകളിലായിട്ട് മാത്രമാണ് നിലയുറപ്പിച്ചിരുന്നത്, അല്ലാതെ പ്രാകാരത്തിനോ പാളയത്തിനോ മുകളിലായിട്ടായിരുന്നില്ല. ഇത് പുരാതന വീരന്മാരോടുകൂടി ആയിരുന്ന പ്രകാരം, ദൈവം ഇപ്പോൾ കാലോചിതമായ സത്യത്തിന്റെ പ്രകാശനവും അനുഗ്രഹവും നല്കുന്നത് പൊരുളായ പ്രാകാരത്തിലുള്ളവർക്കും "ശരിയായ പശ്ചാത്താപവും വിശ്വാസവുമുള്ള" പാളയത്തിലുള്ള സമർപ്പിതരായ പരിക്ഷാർത്ഥ നീതീകരണക്കാരായ ഓരോരുത്തർക്കുമാണ്. അതുകൊണ്ട് എപ്പിഫനിപ്രാകാരത്തിലെയും എപ്പിഫനിപാളയത്തിലെയും സമർപ്പിതർ ഇപ്പോൾ പുരാതനവീരന്മാർ തങ്ങളുടെ കാലത്ത് ആയിരുന്ന പ്രകാരം ദൈവത്തിന്റെ വാസസ്ഥാനവും ജനത്തെ അനുഗ്രഹിക്കുന്നതിനുള്ള ദൈവത്തിന്റെ സംഗമസ്ഥാനവുമായിരിക്കും [ആത്മീയ തിരഞ്ഞെടുപ്പുകാരെല്ലാം തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം 'യുഗങ്ങൾക്കിടയിൽ സമർപ്പിക്കുന്ന' യുവവീരന്മാരും എപ്പിഫനി പാളയ സമർപ്പിതരുമായിരിക്കും ദൈവത്തിന്റെ ഈ വലിയ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും സ്വീകർത്താക്കൾ]

പുരാതന വീരന്മാരെയും (ചെറു ഗോതമ്പ്) ചെറിയആട്ടിൻ കൂട്ടത്തെയും (ഗോതമ്പ്) മഹാപുരുഷാരത്തെയും (ബാർലി) യുവവീരന്മാരെയും (അമര) തിരഞ്ഞെടുത്ത് അവരെ കളപ്പുരയിൽ ചേർത്തു കഴിഞ്ഞിരിക്കുന്നു എന്ന് ദൈവത്തിന്റെ ആത്മപ്രകാശിതരായ മക്കൾ തിരിച്ചറിയുന്നു. എന്നാൽ എപ്പിഫനി പാളയസമർപ്പിതരുടെയും (പയർ) ശേഷിക്കുന്ന ക്വാസിഇലക്ട്കളുടെയും (തിന) തിരഞ്ഞെടുപ്പ് നടപടികൾ പുരോഗമനപാതയിലാണ്. അതെ, സുവിശേഷയുഗം ഒരു തിരഞ്ഞെടുപ്പിന്റെ കാലഘട്ടമാണ്. നല്ല വിത്തു വിതച്ചത് മനുഷ്യപുത്രനും (മത്താ. 13:37) അവന്റെ ആജ്ഞാനുവർത്തികളായി അവനെ സഹായിച്ചത് തന്റെ ശിഷ്യന്മാരുമായിരുന്നു. ഇതിനെ തുടർന്ന് ഒരു "കൊയ്ത്തുകാലം" വരുന്നു. ഇത് പാപത്തിന്റെയും നിയമത്തിന്റെ കയ്പ്പേറിയ അനുഭവം കൊണ്ട് ഉഴുത് അവരെ ഒരുക്കി തയ്യാറാക്കുന്നതിനുള്ള ഒരു കാലം പോലെയായിരുന്നു. പലതരത്തിലുള്ള വിത്തുകളുള്ളതുകൊണ്ട് പല കൊയ്ത്തുകളും ഉണ്ടാകും (1 കൊരി. 15:35-44); എന്നാൽ ചട്ടങ്ങളും ക്രമവും എല്ലാറ്റിനെയും നിയന്ത്രിക്കും.

ക്വാസി ഇലക്ടിനെ ആ പേരു നല്കി ചിത്രീകരിച്ചിരിക്കുന്നത്, ദൈവം യഥാർത്ഥത്തിൽ അവരെ ഒരു തിരഞ്ഞെടുപ്പു ഗണത്തെപ്പോലെ പരിപാലിക്കുന്നതുകൊണ്ടാണ്. ജോൺസൻ സഹോദരൻ അവരെക്കുറിച്ചു പറയുമ്പോൾ അബ്രഹാമിന്റെ സന്തതികളിൽ അഞ്ചാമത്തെ ഗണം" (അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതികളിൽ ഏറ്റം താണ ഗണം) അഞ്ചാമത്തെ തിരഞ്ഞെടുപ്പുഗണം എന്നുതന്നെ പറഞ്ഞിരിക്കുന്നു. നാലു തിരഞ്ഞെടുപ്പു ക്ലാസുകളിൽ ഒന്നിനോടുള്ള അടുത്ത സാദൃശ്യസാമ്യം

കൊണ്ടാണ് അങ്ങനെ പറഞ്ഞിരിക്കുന്നത്. സഹസ്രാബ്ദയുഗ രാജ്യത്തിലെ ക്വാസിഇലക്ടുകളെക്കുറിച്ചാണ് യോവേൽ 2:28 ലും യെശ. 60:4 ലും "പുത്രന്മാർ" എന്നു പറഞ്ഞിരിക്കുന്നത്. അങ്ങനെ അവർക്ക് ശുശ്രൂഷക്കുള്ള പല പദവികളും നല്കും. വളരെ പ്രത്യേകിച്ച് എപ്പിഫനി പാളയ സമർപ്പിതരെ സംബന്ധിച്ച് ഇത് ശരിയായിരിക്കും. എപ്പിഫനി പാളയ സമർപ്പിതരും തിരഞ്ഞെടുപ്പു ഗണങ്ങളെപ്പോലെ "മരണത്തിലേക്ക്" ആണ് സമർപ്പിക്കുന്നത്. പാപം പ്രാബല്യത്തിലിരിക്കുന്നിടത്തോളം കാലം വിശ്വസ്തതയോടെ നിർവ്വഹിക്കേണ്ട കർത്താവിനു വേണ്ടിയുള്ള ഏതു സമർപ്പണത്തെയും ഈ ലോകത്തിന്റെ ദൈവമായ സാത്താൻ "മരണത്തിലേക്ക്" ആക്കിത്തീർക്കുന്നു. കൂടാതെ തങ്ങളുടെ സമർപ്പണ ഉടമ്പടി സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനായി ജീവിക്കുന്നതിനാകകൊണ്ട് ഏതൽക്കാലാനുഭവം വിശ്വസ്തർക്ക് മരണത്തെ ഉളവാക്കുന്നതാണ്.

PT 190 P. 63 വഴി, ജോളി സഹോദരൻ ഈ പുരോഗമന സത്യത്തെ നമ്മുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നിരിക്കുന്നു: നമ്മുടെ മരണശേഷം പിൻഗാമിയായ എക്സിക്യൂട്ടീവ് ട്രസ്റ്റിയിലൂടെ ഇതേ പൊതുക്രമീകരണം തുടരുന്നതിന് കർത്താവു ആഗ്രഹിക്കുന്നു. ബിസിനസ് കാര്യങ്ങളിലുള്ള നിയന്ത്രണം മാത്രമല്ല, യുവവീരന്മാരുടെയും എപ്പിഫനി പാളയ സമർപ്പിതരുടെയും മേലുള്ള നായകത്വം സംബന്ധിച്ചും കൂടുതൽ വിശാലമായ അർത്ഥത്തിലുള്ള ശുശ്രൂഷ സംബന്ധിച്ചും കൂടെയാണിത്. തീർച്ചയായും കർത്താവ് ഒരു എപ്പിഫനി പാളയ സമർപ്പിതനെ യുവവീരന്മാരുടെ മേൽ നേതാവായി നിയമിക്കുകയില്ല. അതിനെക്കുറിച്ച് തിരുവെഴുത്തുകളിൽ നിന്ന് ജോൺസൻ സഹോദരൻ കാണിച്ചുതന്നിരിക്കുന്നത് (ഉദാ. പുറ. 19:12-21; E-11, PP. 336, 339-342), താഴ്ന്ന ക്ലാസിൽപെട്ട ഒരുവനെ ഉയർന്ന ക്ലാസിൽപെട്ടവരുടെ മേൽ ഔദ്യോഗിക ചുമതലകൾക്കു വേണ്ടി നിയമിക്കുന്നത് ദൈവത്തിന്റെ ക്രമീകരണങ്ങൾക്ക് വിരുദ്ധമാണെന്നാണ്. മഹാപുരുഷാരത്തിന്റെ ഭൂമിയിലെ തല്ക്കാല മരുപ്രയാണം അവസാനിച്ചതിനു ശേഷവും ദൈവം തന്റെ ജനങ്ങളെ തങ്ങളുടെ ആവശ്യങ്ങൾക്ക് ഏതൽക്കാല സത്യം ചുരുളഴിച്ചു കൊടുക്കാൻ ഒരു നേതാവില്ലാതെ അന്ധകാരത്തിൽ അലഞ്ഞുഴലാൻ വിട്ടുകളയുകയില്ല. കർത്താവു തന്റെ ജനത്തെ സംരക്ഷണയില്ലാതെയൊ അരിക്കലുകാരുടെ കരുണയ്ക്കു വേണ്ടിയോ വിട്ടുകളയുകയില്ല. അവൻ നമ്മുടെ വേലയെ പരിവർത്തന വാദികളാൽ പരിവർത്തനപ്പെടുത്തുന്നതിന് അനുവദിക്കുകയില്ല.




ദൈവിക പദ്ധതിയിൽ ഇക്കാലത്തേക്കുള്ള വെളിച്ചം പുരോഗമനസത്യമാണ്. 1954 അവസാന ഭാഗം (ഒക്ടോബർ) മുതൽ സമർപ്പിച്ച എഫിപ്പനി പാളയ സമർപ്പിതർ (യുവവീരന്മാർ ആരും ഇല്ലാതെ വന്ന സമയം മുതൽ - ലേവ്യ. 12; വെളി. 22:11; E-10, P. 114; E-11 P, P. 473), യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി ഉറച്ചു വിശ്വസിച്ച് വിശ്വാസ നീതീകരകണം പ്രാപിക്കുന്നു; അങ്ങനെ ഇവരും നീതിമാന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നു. ഇതുപോലെയായിരുന്നു പുരാതന വീരന്മാരും യുവവീരന്മാരും നീതിമാന്മാരായി എണ്ണപ്പെട്ടത്. എപ്പിഫനി പാളയസമർപ്പിതർ ഈ ദൈവകൃപ (നീതീകരണം) പ്രാപിച്ചത് വ്യർത്ഥമായിട്ടല്ല, സമർപ്പണം വഴി അവർ ഇത് (ഈ ദൈവകൃപ – നീതീകരണം) അവരുടെ സ്വന്തമാക്കിയതുകൊണ്ടാണ്. ഈ വിശ്വാസനീതീകരണം പുനരുത്ഥാന ഉണർത്തലിൽ അവരിൽ നിന്ന് എടുത്തുകളയപ്പെടുമോ? തീർച്ചയായിട്ടും ഇല്ല! കർത്താവിൽ വിശ്വാസമുള്ളവരായിട്ടാണ് അവർ മരിക്കുന്നതെങ്കിൽ, അവനിൽ വിശ്വാസമുള്ളവരായിട്ടു തന്നെ അവർ പുനരുത്ഥാനത്തിൽ പുറത്തുവരും; അവരുടെ അവസ്ഥയും പ്രകൃതിയും ആദ്യത്തേതുതന്നെയായിരിക്കും. നീതിമാന്മാരായി മരിക്കുന്നവർ നീതിമാന്മാരായിതന്നെ ഉണർത്തപ്പെടും.

ഈ യുഗത്തിൽ ജീവനു വേണ്ടിയുള്ള പരിശോധനയ്ക്കു വേണ്ടിയല്ലെങ്കിലും തങ്ങളെ നിത്യജീവനു വേണ്ടി ഒരുക്കി തയ്യാറാക്കുന്നതിനു വേണ്ടി എപ്പിഫനി പാളയ സമർപ്പിതർക്ക് ഈ ജീവിതത്തിലും സഹസ്രാബ്ദത്തിലും ചില കാര്യങ്ങളെല്ലാം ചെയ്യേണ്ടതായിട്ടുണ്ട്. ഈ ആയുസ്സിൽ അബ്രഹാമിന്റെ രണ്ടാമത്തെ വിഭാഗത്തിൽ പെട്ട ഭൗമിക സന്തതികൾ എന്ന നിലയിൽ അവർക്ക് തങ്ങളുടെ വിശ്വസ്തത തെളിയിക്കുന്നതിന് വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും പരിശോധനയിൽ

കൂടി കടന്നുപോകേണ്ടതായിട്ടുണ്ട് – യഥാർത്ഥമായി ഈ രണ്ടു കൃപാഗുണങ്ങളെയും അവർക്ക് പരിപുഷ്ടി പ്പെടുത്തേണ്ട ആവശ്യമുണ്ട്. ഒരു വലിയ അളവിലുള്ള നിസ്വാർത്ഥ സ്നേഹവും കൂടെ അവർക്ക് വളർത്തിയെ ടുക്കേണ്ട ആവശ്യമുണ്ട്. കാരണം മരണത്തോളം സമ ർപ്പണത്തെ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിന് ഈ നിസ്വാർത്ഥ സ്നേഹം ആവശ്യമാണ്. ഒരു പക്ഷേ പലരും 'പരിശോധിക്കപ്പെടാത്ത' പൂർണ്ണസ്നേഹത്തിന്റെ കുറിമാനത്തിൽ എത്തിച്ചേരുന്നു.

മഹാപുരുഷാരം ആത്മപ്രകൃതിയിലേക്കു പുനരു ത്ഥാനം പ്രാപിച്ചതും, പുരാതനവീരന്മാരോടുകൂടിയുള്ള "ഏറ്റം നല്ലൊരു ഉയർത്തെഴുന്നേല്പിൽ" (എബ്രാ. 11:35) ഓഹരിക്കാരാകുന്നതിന് തങ്ങളെത്തന്നെ യോഗ്യരെ ന്ന് തെളിയിച്ച് യുവവീരന്മാർ തങ്ങളുടെ ഭൗമിക ജീവി തഗതി അവസാനിപ്പിക്കുന്നതും വിശാലമായ അർത്ഥ ത്തിലുള്ള എപ്പിഫനി അല്ലെങ്കിൽ അപ്പൊകാലിപ്സിസ് കാലഘട്ടത്തിൽ, കഷ്ടകാലനാളിൽ ആയിരിക്കും. എപ്പി ഫനി പാളയസമർപ്പിതർ തങ്ങളുടെ രാജ്യമഹത്വത്തിനു വേണ്ടി ഒരുക്കപ്പെടുന്നതും ഈ നാളുകളിലായിരിക്കും ("എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്യാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും" (ലൂക്കൊ. 14:14). ഈ ക്ലാസുകളും തങ്ങളുടെ വീണ്ടെ ടുപ്പിനായി ഞരങ്ങിക്കൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമർപ്പിതജനമായതുകൊണ്ട് അവർക്കും ദൈവത്തി ന്റെ പരിശുദ്ധാത്മാവുണ്ടായിരിക്കും. അതെ, എപ്പിഫനി പാളയ സമർപ്പിതരും "അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു വിളിക്കപ്പെട്ടു" കൊണ്ടി രിക്കുന്നവരാണ് (1 പത്രൊ. 2:9).

ഇപ്പോൾ ഈ അവകാശം ദൈവകരുണ ലഭിക്കുന്ന വർക്കുള്ളതാകുന്നു. ഇതൊരു ദൈവദാനമാകുന്നു. ഇതിനുവേണ്ടി അവർ ഒന്നും ചെയ്യേണ്ടതില്ല. തങ്ങ ൾക്കു പാപക്ഷമ ലഭിച്ചിരിക്കുന്നു എന്ന് അവർക്ക് ഉറപ്പു ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവിടെയുള്ള ഒരു വ്യ ത്യാസം ഇതാണ്: ഇപ്പോൾ വളരെ കുറച്ചാളുകൾക്കു മാത്രമേ കാണാനുള്ള കണ്ണും കേൾക്കാനുള്ള ചെവിയും ദൈവകരുണയെ സ്വീകരിക്കാനുള്ള ഹൃദയവും ഉള്ളു. വിശ്വാസദൃഷ്ടിയുള്ളവർക്കു മാത്രം ഗ്രഹിക്കാൻ ഇട യാകുന്ന തരത്തിൽ നമ്മോടു പറയുന്ന സദ്വർത്തമാ നത്തെ വിലമതിക്കാൻ കഴിയുന്നത് ദൈവകരുണ കൊണ്ടു മാത്രമാണ്. തന്റെ പ്രത്യേക ജനത്തിന്റെ തിരഞ്ഞെടുപ്പിനു ശേഷം, ക്രമേണ വിശാലമായ അർത്ഥത്തിൽ കാഴ്ചയും അറിവും വിശ്വാസത്തിന്റെ സ്ഥാനം കരസ്ഥമാക്കും. തങ്ങളുടെ പാപം ക്ഷമിക്കു ന്നതും, സ്വീകരിക്കുമെങ്കിൽ, മനസ്സും അനുസരണ വുമുള്ളവരെ നിത്യജീവൻ നല്കി സംരക്ഷിക്കുന്നതും വഴി ക്രിസ്തുയേശുവിലൂടെയുള്ള ദൈവകൃപ ലോകം പിന്നെ തിരിച്ചറിയും. അങ്ങനെ അവർ ദൈവത്തിന്റെ മഹാദാനമായ വലിയ കൊള്ളമുതൽ പങ്കിടുന്നതിൽ ഒന്നിച്ചു സന്തോഷിക്കും.

# അവൻ ആദ്യം എന്നെ സ്നേഹിച്ചു

## HE LOVED ME FIRST

**അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു. – 1 യോഹന്നാൻ 4:19**

ദൈവത്തിന്റെ സമർപ്പിത മക്കളായ നമുക്ക്, നമ്മുടെ മനസ്സിലും ഹൃദയത്തിലും അവിടുത്തെ സ്നേഹാനുക മ്പ അനുഭവിക്കാൻ കഴിയും. ദൈവത്തെ സ്നേഹിക്കാ തിരിക്കുന്നത് നീതിയുടെ ലംഘനമാണ്. ദൈവത്തോ ടുള്ള സ്നേഹത്തിൽ നാം നമ്മുടെ അല്പമായതെല്ലാം അവന് സമർപ്പിച്ചപ്പോൾ, നമ്മുടെ ആ സ്നേഹോപഹാ രം അവൻ സ്വീകരിച്ചു. ഇത് മറ്റു ദൈവമക്കളോടൊ പ്പമുള്ള നമ്മുടെ ക്രിസ്തീയ നടത്തയിൽ അവൻ നമ്മെ നയിക്കുന്നതിൽ വിശ്വാസവും ആശ്രയത്വവും ഉണ്ടാ കുവാൻ കാരണമാകുന്നു.

ഈ തിരുവെഴുത്ത് ശക്തമായി പ്രസ്താവിക്കുന്നത്, "ഞങ്ങൾ അവനെ സ്നേഹിക്കുന്നു" എന്നുള്ളതാണ്. ദൈവവേലയ്ക്ക് ജീവിതം തന്നെ സമർപ്പിക്കാൻ തയ്യാ റാവുന്ന ഒരു സമർപ്പിത ഹൃദയത്തിലെ ദൈവീക സ്നേ ഹത്തിന്റെ ഫലമാണിത്. "അവൻ ആദ്യം നമ്മെ സ്നേ ഹിച്ചു." യഹോവയുടെ സ്നേഹാനുകമ്പയ്ക്ക് ഞങ്ങൾ സാക്ഷികളായിത്തീർന്നിട്ട് അത് സത്യത്തിന്റെ ഒരു കാന്തം പോലെ ഞങ്ങളെ അവനിലേക്ക് ആകർഷി ച്ചു. "നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ.." (റോമ. 5:8). നമുക്കും നമ്മുടെ സ്നേഹത്തിന്റെയും ദയയുടെയും ഉദാരതയുടേയും സ്വഭാവം ഈ ദൈവീക മാതൃകയിൽ വളർത്തിയെടുക്കുന്നതിലൂടെ നമ്മുടെ സ്നേഹത്തെ വിളംബരം ചെയ്യാം. നമ്മുടെ വിശ്വാസ ത്തിന്റെ വേരുകൾ ദിവ്യനിർണ്ണയങ്ങളെ സംബന്ധിച്ച അറിവുകളുടെ ആഴങ്ങളിലേക്ക് പോകട്ടെ!

1 യോഹ. 4:9-ൽ അപ്പൊസ്തലൻ നമുക്ക് ഇങ്ങനെ

വിശദീകരിച്ച് നല്കുന്നു, “ദൈവം തന്റെ ഏക ജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.” 10–ാം വാക്യം ഇങ്ങനെ വായിക്കുന്നു, “നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നേ സാക്ഷാൽ സ്നേഹം ആകുന്നു.” 1 യോഹ. 4:19 - ലേക്ക് തിരിയുമ്പോൾ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ ആരംഭാനുഭവത്തെയും ഒപ്പം, നമുക്ക് ഒരു മഹാരക്ഷയെ പ്രദാനം ചെയ്യുവാൻ തക്കവണ്ണം അത്രവലിയോരു വില നല്കി നമ്മെ വീണ്ടെടുക്കുവാൻ ദൈവം അത്രയേറെ നമ്മെ സ്നേഹിച്ചിരുന്നു എന്ന അറിവിൽ നമ്മിലുളവാകുന്ന നീതി ബോധത്തെയും അപ്പൊസ്തലനായ യോഹന്നാൻ വ്യക്തമാക്കുന്നു. പകരമായി അവനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്, കുറഞ്ഞപക്ഷം നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ചെറിയ കാര്യം നന്ദി കാണിക്കുക എന്നതാണ്. ഈ സ്നേഹത്തിന്റെ തുടക്കത്തെ ഞങ്ങൾ കർത്തവ്യ-സ്നേഹം എന്ന് വിശേഷിപ്പിക്കുന്നു. സ്നേഹത്തിന്റെ തുടർന്നുള്ള എല്ലാ അഭിവൃദ്ധിക്കും ഇത് അടിസ്ഥാനമാണ്. അറിവിലും കൃപയിലും വളരുന്തോറും സ്നേഹാഭിവൃദ്ധിയുടെ ഉന്നതങ്ങളിൽ നാം എത്തിച്ചേരുന്നു.




നാം പൂർണ്ണഹൃദയത്തോടും മനസ്സോടും ആത്മാവോടും ശക്തിയോടും കൂടെ യഹോവയാം ദൈവത്തോടും ക്രിസ്തുയേശുവിനോടുമുള്ള കർത്തവ്യ-സ്നേഹം പാലിക്കുക എന്നത് നീതിയാണ്. സമർപ്പിത മക്കളെന്ന നിലയിൽ നാം അവരെ നമ്മുടെ എല്ലാംകൊണ്ടും സ്നേഹിക്കുന്നു. സ്നേഹാനുകമ്പയുടെ ഈ തത്ത്വത്തെ അടിസ്ഥാനമാക്കി, ഗ്രഹിക്കാനും ഓർമ്മിക്കാനും സങ്കൽപ്പിക്കാനും യുക്തിസഹമായി ചിന്തിക്കാനുമുള്ള മാനസ്സിക കഴിവുകളോടൊപ്പം, ഉത്കൃഷ്ടമായ ധാർമ്മികശക്തിയാൽ സമ്പന്നമായ ഹൃദയങ്ങൾ, വിശ്വാസം, പ്രത്യാശ, ആത്മനിയന്ത്രണം, സഹിഷ്ണുത, അയൽക്കാരനോടുള്ള സ്നേഹം എന്നിവയുണ്ടാവാൻ ദൈവം നമ്മെ അനുവദിക്കുന്നു. ദൈവം അനുകമ്പാപൂർവ്വം നമ്മെ കാലാവസ്ഥ, അന്തരീക്ഷം, ഋതുക്കൾ, പാർപ്പിടം എന്നിങ്ങനെയുള്ള നമ്മുടെ ഭൗമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വസ്തുക്കൾ സമൃദ്ധമായി ലഭിക്കുന്ന മനോഹരവും ഫലപുഷ്ടിയുള്ളതുമായ ഒരു ഭൂമിയിലാക്കി. പൂർണ്ണ സമർപ്പിതരായവർക്കായി ഈ ദൈവഭക്തിയുടെ അനുഗ്രഹങ്ങൾ ഏറെ നല്കുന്നത് ദൈവം തുടർന്നു, ചിലത് മുഴുമനുഷ്യവർഗത്തിനും വേണ്ടിയും നല്കി. അവൻ തന്റെ അമൂല്യ നിധിയും ഏകജാതനുമായ പുത്രനെ, പ്രകൃതിയിലും അധികാരത്തിലും ആ പിതാവിന്റെ തൊട്ടടുത്തായവനെ, സകല മനുഷ്യകുലത്തിനും വേണ്ടി ഒരു മനുഷ്യനാകുവാനും അപമാനിതനായിത്തീരുന്നതിനും ഈ ഭൂമിയിലേക്ക് അയച്ചു. മുഴുവൻ മനുഷ്യവംശത്തിന്റെയും വീണ്ടെടുപ്പുകാരൻ ആകേണ്ടതിന് യേശു തന്റെ അസ്തിത്വത്തെ ഒരു ബലിമരണത്തിന് ഏൽപ്പിക്കേണ്ടതായിരുന്നു. ക്രിസ്തുവിന്റെ ബലിയാൽ അവർക്ക് ലഭ്യമാക്കിയിരിക്കുന്ന ഈ അനുഗ്രഹങ്ങൾ അനുതാപത്തിലൂടെ കൈവശമാക്കുന്നതിന് അവൻ എല്ലാവരെയും ക്ഷണിക്കുന്നു. തീർച്ചയായും ഈ അനുഗ്രഹങ്ങളെല്ലാം ദൈവത്തെയും ക്രിസ്തുവിനെയും പൂർണ്ണഹൃദയത്തോടും മനസ്സോടും ആത്മാവോടും ശക്തിയോടുംകൂടെ സ്നേഹിക്കാനുള്ള മനുഷ്യവർഗത്തിന്റെ കടപ്പാടിനൊപ്പം കൂട്ടിച്ചേർക്കപ്പെടുന്നു. എന്റെ പ്രിയ സഹോദരരേ, നമുക്ക് പൂർണ്ണഹൃദയത്തോടും മനസ്സോടും ആത്മാവോടും ശക്തിയോടും കൂടെ ദൈവത്തോടും ക്രിസ്തുവിനോടും നീതി പുലർത്തുകയും വളരുകയും പരിപോഷിപ്പിക്കുകയും ചെയ്യാം. കാരണം, ഉൽഭവകേന്ദ്രമെന്ന നിലയിൽ ദൈവവും, കാര്യകർത്താവ് എന്ന നിലയിൽ യേശുവും നമുക്കുള്ളതും ഉണ്ടാകുന്നതും അതോടൊപ്പം, നാം ആശിക്കുന്നതും ഇനി ലഭിക്കുവാനുള്ളതുമായ എല്ലാ നന്മകളും നമുക്കു തന്നിട്ടുണ്ട്. അവരുടെ സൃഷ്ടിപരവും, പരിപാലനവും, വീണ്ടെടുക്കലും, പ്രബോധനങ്ങളും, നീതീകരണവും, വിശുദ്ധീകരണവും പിന്നെ ഈ ആനുകൂല്യങ്ങൾ നമുക്ക് നൽകുന്നതുമെല്ലാം ശരിയായി വിചിന്തനം ചെയ്യുമ്പോൾ ഇത് നാം തിരിച്ചറിയണം.

നല്ല വിശ്വാസത്തോടെ ദൈവം നമുക്ക് നൽകിയ ഈ ആനുകൂല്യങ്ങൾ അവന്റെ കൃപാ വാഗ്ദാനത്തോട് പ്രതികരിക്കാൻ നമ്മെ അനുവദിക്കുന്നു. ക്രിസ്തുവിനെപ്രതി അവരുടെ പാപങ്ങൾ പൊറുക്കുമെന്നും, അവർക്ക് ക്രിസ്തുവിന്റെ നീതി കണക്കിടുമെന്നും, അവർക്ക് അവനോടൊപ്പമുള്ള കൂട്ടായ്മയിലാകാമെന്നും, അവർക്ക്

നീതിയുള്ള ജീവിതം നയിക്കാമെന്നുമുള്ള വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്ന സമർപ്പിതരായ ദൈവമക്കൾക്ക്, അവൻ ഈ നാല് അനുഗ്രഹങ്ങൾ കൃപാപുരസ്സരം നൽകുന്നു: 1) വിശ്വാസത്താലുള്ള നീതീകരണം, 2) കർത്താവിന് സ്വയം സമർപ്പിക്കുന്നതിനുള്ള ക്ഷണം, 3) ദൈവീക പദ്ധതിക്ക് അനുസരണമായി ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ പിന്തുടരുന്നതിന്, 4) ക്രിസ്തു സാദൃശ്യത്തിൽ വളരുന്നതിനും.




ഈ അനുഗ്രഹങ്ങൾ ക്രിസ്ത്യാനികൾക്ക് ദൈവത്തെയും ക്രിസ്തുവിനെയും പൂർണ്ണഹൃദയത്തോടും മനസ്സോടും ആത്മാവോടും ശക്തിയോടും കൂടെ സ്നേഹിക്കുന്നതിനുള്ള കടപ്പാട് വർദ്ധിപ്പിക്കുന്നു. അതെ, ദൈവം നമ്മുടെ സത്യസന്ധമായ ഹൃദയത്തെ ആവശ്യപ്പെടുന്നു, അവൻ അത് സദൃ. 23:26 ൽ പറയുന്നു, "മകനേ, നിന്റെ ഹൃദയം എനിക്ക് തരിക, എന്റെ വഴി നിന്റെ കണ്ണുകൾക്ക് ഇമ്പമായിരിക്കട്ടെ." ലോകത്തിലെ അനേകം ആളുകളും തങ്ങളുടെ ജീവിതം ദൈവത്തിന് സമർപ്പിക്കുകയോ അവന്റെ യഥാർത്ഥ ജനമായി മാറുകയോ ചെയ്തിട്ടില്ല, മാത്രവുമല്ല ലഭിച്ച അനുഗ്രഹങ്ങൾക്ക് അവരുടെ സ്രഷ്ടാവും ദാതാവും എന്ന നിലയിൽ അവനോട് നന്ദി പ്രകടിപ്പിക്കുന്നുമില്ല. അവന് നന്ദി പ്രകടിപ്പിക്കുക എന്നത് അവർക്ക് ഉചിതമായ പ്രവൃത്തിയാണ്. സങ്കീ. 145:9 പറയുന്നത്, "യഹോവ എല്ലാവർക്കും നല്ലവൻ, തന്റെ സകല പ്രവർത്തികളോടും അവന് കരുണ തോന്നുന്നു." യഹോവ തന്റെ സ്നേഹാനുകമ്പ എല്ലാ മനുഷ്യർക്കും നൽകുന്നു. മത്താ. 5:45 പറയുന്നത്, "അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ." അതിനാൽ, ജീവന്റെ ദാനമുൾപ്പെടെ ഉദാരമായി ലഭിച്ച അനുഗ്രഹങ്ങൾക്ക് തങ്ങളുടെ മഹാസ്രഷ്ടാവിനോട് നന്ദി പറയാൻ എല്ലാവർക്കും ധാരാളം കാരണങ്ങളുണ്ട്.

ലോകത്തിലെ നീതീകരിക്കപ്പെടാത്ത ജനങ്ങളോടുള്ള ദൈവത്തിന്റെ നന്മയെക്കുറിച്ച് നാം വായിച്ചു; നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിൽ നിന്ന് പ്രസരിക്കുന്ന അറിവിന്റെ വെളിച്ചത്താൽ ദൈവം ഹൃദയങ്ങളെ പ്രകാശിപ്പിച്ചവരോടുള്ള അവന്റെ സ്നേഹാനുകമ്പ എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. ദൈവത്തിന് അവന്റെ സമർപ്പിത മക്കളോടുള്ള മറ്റൊരു സന്ദേശം 2 കൊരി. 4:6 -ൽ, "ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കേണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു."

ദൈവപ്രസാദം ലഭിച്ചവർ ഏത് സാഹചര്യങ്ങളിലും സ്ഥിതിയിലും അതായത് രോഗത്തിലോ വേദനയിലോ ദുഃഖത്തിലോ മരണത്തിലോ, അവർ താഴ്ചയിലായാലും സമൃദ്ധിയിലായാലും എന്തായിരുന്നാലും അവർക്ക് സന്തോഷിക്കാൻ കഴിയുകയും സന്തോഷിക്കേണ്ടതുമാണ്. തീർച്ചയായും, ക്രൈസ്തവ ജീവിതത്തിന്റെ അനിവാര്യഭാഗമായ തന്റെ നന്ദി ക്രിസ്ത്യാനി പ്രകടിപ്പിച്ചിരിക്കണം. ദൈവത്തിന്റെ സ്നേഹാനുകമ്പ നമ്മുടെ ചിന്തകളിലും വാക്കുകളിലും ഉണ്ടായിരിക്കുകയും അതോടൊപ്പം നമ്മുടെ പ്രാർഥനകളിലും സ്തുതിഗീതങ്ങളിലും ഇടകലർന്നുമിരിക്കണം. ദൈവത്തിനും ക്രിസ്തുവിനും വിശ്വസ്തവും കാര്യക്ഷമവുമായ സേവനം അർപ്പിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിന് അത് നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കണം. ഈ കൃതജ്ഞതയും നന്ദിയും ആയിരുന്നു പൗലൊസിനെയും ശീലാസിനെയും അവരുടെ ശിഷ്യത്വത്തിന്റെ വിലയായി പുറത്തേറ്റ ക്രൂരമായ ചാട്ടവാറടികളുടെ വേദനയിലും ഫിലിപ്പിയിലെ ജയിലിൽ വെച്ച് ക്രിസ്തുവിനുവേണ്ടി കഷ്ടമനുഭവിക്കുന്നതിനുള്ള വിശേഷാവകാശത്തിന് നന്ദിയർപ്പിക്കുന്നതിനും സ്തുതി പാടുന്നതിനും നമ്മുടെ ഗുരുവിനെ അത്രമാത്രം വിശ്വസ്തതയോടെ സേവിക്കുന്നതിനും പ്രാപ്തരാക്കിയത് (അപ്പൊ. 16:23, 25, 33).

**"നീ സംവത്സരത്തെ നിന്റെ നന്മകൊണ്ട് കിരീടമണിയിക്കുന്നു" സങ്കീ. 65:11**

കർത്താവിന്റെ ജനം അവർ ആസ്വദിക്കുന്ന കരുണകളുടെയും അനുഗ്രഹങ്ങളുടെയും പാതയെ എപ്പോഴും സൂക്ഷിക്കുന്നത് എത്രയും ഉചിതമാണ്. അല്ലാത്തപക്ഷം ഈ ജീവിതത്തിന്റെ ചിന്താകുലതകളും സമ്പത്തിന്റെ വഞ്ചനയും നമ്മുടെ ശ്രദ്ധയെ മറയ്ക്കും വിധം നമ്മുടെ മനസ്സിലും ഹൃദയത്തിലും തിങ്ങിക്കൂടുകയും ആത്യന്തികമായി ദിവ്യകാരുണ്യത്തിന്റെ നീരുറവകൾ പൂർണ്ണമായും അടയുകയും ചെയ്യും. ഇനി അത് തുറന്നിരിക്കുകയാണെങ്കിൽ, നമ്മുടെ സന്തോഷത്തിനും നവോന്മേഷത്തിനും




വേണ്ടി നിരന്തരം പരിശുദ്ധാത്മാവിൽ ശുശ്രൂഷിക്കണം.


ദിനംതോറുമുള്ള നമ്മുടെ അനുഗ്രഹങ്ങളെ പുനരവലോകനം ചെയ്യാനും നമ്മുടെ വഴികളിൽ മുന്നേറുന്നതിന് നമുക്ക് ലഭിച്ച വിശേഷാധികാരങ്ങളും, ലൌകീകവും ആത്മീയവുമായ അനുഗ്രഹങ്ങളെ ഓർമ്മിക്കാനും നമുക്ക് സമയം കണ്ടെത്താം. ഈ അനുഗ്രഹങ്ങളിൽ ചിലത് സാധാരണ ലോകത്തിൽ പൊതുവായുള്ളതും മറ്റുള്ളവ വളരെ സവിശേഷമായ തരത്തിലുള്ളവയുമാണ്. ഇവയെല്ലാം, ആ ഇടയനെ അറിയുന്നവർ, അവന് സുപരിചിതരായവർ, അവന്റെ ശബ്ദം കേൾക്കുകയും, അവന്റെ വടിയാലും കോലിനാലും നയിക്കപ്പെടുകയും ചെയ്യുന്നവർ, അറിയുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ഈ വർഷാവസാനകാലത്ത്, നാം ചെയ്തുവരുന്ന പോലെ, നമ്മുടെ പ്രവർത്തനാനുഭവങ്ങളെ കൂടുതൽ വിശാലവും സമഗ്രവുമായി പുനർവിചിന്തനം ചെയ്യുന്നതിനും, യാത്ര ചെയ്തു വന്ന വഴികൾ സൂക്ഷ്മമായി വീക്ഷിക്കുന്നതിനും, മുന്നോട്ടുള്ള നീക്കങ്ങൾക്ക് തടസ്സം നേരിട്ട ഘട്ടങ്ങളേയും, യേശുവിന്റെ കാല്പാടുകളെ കൃത്യമായി അനുഗമിച്ച ചുവടുകളേയും പുനരാലോചിക്കുന്നതിനും നാം സമയം വേർതിരിക്കണം. അത്, ആ വാഗ്ദത്ത രാജ്യത്തിൽ ഒരു ഓഹരിയുടെ യോഗ്യതയിലേക്ക് നാം എണ്ണപ്പെട്ടിട്ടുണ്ടെങ്കിൽ, നാം തീർച്ചയായും നേടിയെടുക്കേണ്ട ആ വിരുതിലേക്ക്- “ലക്ഷ്യ” ത്തിലേക്ക് നമ്മെ അടുപ്പിക്കും. ഒരു കുട്ടിയെ സംബന്ധിച്ച് ഒരു വർഷമെന്നത് ദൈർഘ്യമേറിയ സമയമാണ്; എന്നാൽ ഒരു സമർപ്പിത ദൈവപൈതലിന്, ജീവിതാനുഭവങ്ങളാൽ പരിപുഷ്ടമായ മനസ്സുള്ളതും, നേടിയെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ഒരുങ്ങുന്നവർ, ഇത് തീരെ കുറഞ്ഞ സമയമായി കാണുന്നു. ഒരു പരിധിവരെ ഇത്തരം അനുഭവങ്ങൾ എല്ലാ മനുഷ്യരാശിക്കും സാധാരണമാണ്; എന്നിരുന്നാലും, ക്രിസ്ത്യാനി, പ്രത്യേകിച്ച് ക്രിസ്തുവിന്റെ സ്കൂളിൽ കുറച്ചുകാലം പഠിക്കുകയും, അറിവിലും കൃപയിലും ഒരു പരിധിവരെ വളർച്ച നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ, അവർക്ക് ജീവിതം ഗ്രഹിക്കാനും വിലമതിക്കാനും മറ്റുള്ളവരേക്കാൾ ഏറിയ കഴിവുണ്ടാകും. എന്തെന്നാൽ, അവന്റെ സ്വാഭാവിക മനസ്സ് എത്ര മോശമായിരുന്നാലും, അവനു ഇപ്പോൾ “ക്രിസ്തുവിന്റെ മനസ്സ്,” “ആരോഗ്യമുള്ള മനസ്സിന്റെ ആത്മാവ്” ഉണ്ട്, അത് കാര്യങ്ങളെ അവയുടെ യഥാർത്ഥ മൂല്യത്തിൽ വീക്ഷിക്കാൻ സ്വാഭാവിക മനസ്സിനേക്കാൾ വളരെ മികച്ചതാണ്.

പുരോഗമന ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം കഴിഞ്ഞ വർഷത്തിലേക്ക് തിരിഞ്ഞു നോക്കുകയും ജീവിതത്തിലുണ്ടായ കൊടുങ്കാറ്റുകളും അതുപോലെ ആഹ്ളാദങ്ങളും, അതിലെ ദുഖങ്ങളും അതുപോലെ സന്തോഷവും, അതിലെ കണ്ണുനീരും അതുപോലെ പുഞ്ചിരിയും ഒപ്പം ദൈവീക വചനങ്ങളുടെ ഉപദേശങ്ങളും ഓർക്കുകയും, ഈ പരിശോധനകളും വിഷമങ്ങളും ജീവിത പരാജയങ്ങളുമെല്ലാം രൂപമാറ്റംപൂണ്ട അനുഗ്രഹങ്ങളും പാഠങ്ങളുമായി നാം സ്വീകരിക്കുകയും ചെയ്യുമ്പോൾ അവ നമ്മെ വരുവാനിരിക്കുന്ന ജീവിതത്തിലേക്ക്- “അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘന” ത്തിലേക്കുള്ള (2 കൊരി. 4:17) - തയ്യാറാക്കപ്പെടലിന്റെ ഉറപ്പ് നല്കുകയും ചെയ്യുന്നു. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ഹൃദയം ഒരിക്കലും തെറ്റുകളിൽ സന്തോഷിക്കുന്നില്ല, എന്നാൽ ഇപ്പോൾ ദൈവവചനത്തിലും ആ അമൂല്യവിശ്വാസത്തിൽ ഉള്ള സഹോദരങ്ങളുമായുള്ള കൂട്ടായ്മയിലും സന്തോഷിക്കുന്നു. ദൈവത്തിന്റെ സമർപ്പിതരായ മക്കളെന്ന നിലയിൽ, ദൈവം തന്റെ നന്മയാൽ സംവത്സരത്തെ കിരീടമണിയിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് നമുക്ക് സംതൃപ്തിയോടെ ആ വർഷത്തിലേക്ക് തിരിഞ്ഞുനോക്കാം!

തന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളും സ്ഥാനങ്ങളും തലങ്ങളുമുണ്ടെന്നും, തന്റെ അനേക വിധ ബുദ്ധിശക്തിയോടുകൂടിയ സൃഷ്ടികൾക്ക് വസിക്കുന്നതിന് അവ അനുയോജ്യമാണെന്നും യഹോവ തന്റെ ജനത്തോട് പ്രഖ്യാപിച്ചിട്ടുണ്ട്. യേശു പറഞ്ഞത്, താൻ പോയി “അവർക്കായി ഒരു സ്ഥലം ഒരുക്കേണ്ടത്” ആവശ്യമാണെന്നാണ്. ഈ വാസസ്ഥലത്തിനായി ഉറ

പ്പായും ഒരുങ്ങേണമെന്ന് അറിയുന്ന അവർ, സ്ഥലം അവർക്കായി ഒരുക്കുമ്പോഴേക്കും നമ്മുടെ സ്വർഗീയ പിതാവ് അനുവദിച്ച എല്ലാവിധ ശിക്ഷണങ്ങളിലും ആനന്ദിക്കാൻ പ്രാപ്തരാക്കപ്പെടുന്നു. കാരണം, പിതാവിന്റെ ഭവനത്തിൽ തങ്ങളെ വിളിച്ചിരിക്കുന്ന സ്ഥലത്ത് നിയമിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായ ഗുരുവിന്റെ പ്രവർത്തനമാണിതെന്ന് അവർ മനസ്സിലാക്കുന്നു.




അതിലേക്കായി നാം സങ്കീർത്തനങ്ങൾ 116:12-14 ഉപയോഗിക്കുന്നു. "യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്ക് ഞാൻ എന്റെ നേർച്ചകളെ ഇപ്പോൾ അവന്റെ സകല ജനവും കാൺകെ കഴിക്കും". "ഞാൻ എന്ത് പകരം കൊടുക്കും": ഓരോ ദിനാരംഭത്തിലും നാം നമ്മുടെ സമയം ദൈവേഷ്ടപ്രകാരം ഉപയോഗിക്കുന്നതിന് നല്കുന്നു. ഇതിലെ വാക്കുകൾ നാം ശരിയായി വായിക്കുന്നു എന്ന് ഉറപ്പാക്കണം, "അവന്റെ സകല ഉപകാരങ്ങൾക്കും": "ഞാൻ എന്ത് പകരം കൊടുക്കും": നാം ഇപ്പോൾ നേടിയിരിക്കുന്നതിനു മാത്രമല്ല, ഇനി വരുവാനുള്ളവയ്ക്കുമായി! "ഞാൻ ആ പാനപാത്രം എടുക്കും": ഞങ്ങൾക്ക് വിശ്വാസവും ഉറപ്പും ഉള്ളതുകൊണ്ട്, ഓരോ ദിവസവും എനിക്ക് സമ്മാനിക്കുന്ന ജീവിതാനുഭവങ്ങളെ ഞാൻ സ്വീകരിക്കും! "അവന്റ നാമം വിളിച്ചപേക്ഷിക്കും": നമ്മുടെ സ്വർഗീയ പിതാവായ യഹോവയെ പൂർണ്ണ വിശ്വാസത്തോടെതന്നെ.

"ഞാൻ എന്റെ നേർച്ചകളെ കഴിക്കും": സമർപ്പണം, ത്യാഗം, മരണത്തോളമുള്ള വിശ്വസ്തത എന്നീ പദവികൾ നല്കിയതിനായി ഞാൻ ദൈവത്തിന് നന്ദി പറയും. "ഇപ്പോൾ": ഉടനെ; ദൈവത്തിന്റെ വിളി കേൾക്കെ അല്ലെങ്കിൽ കേട്ടശേഷം, "അവന്റെ ജനത്തിന്റ മുമ്പാകെ": നമ്മുടെ പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും പെരുമാറ്റത്തിലൂടെയും ദൈവത്തിന്റെ സമർപ്പിത മക്കളിൽ ഒരാളായിരിക്കുന്നു എന്നു നാം സാക്ഷ്യപ്പെടുത്തണം.

ദൈവീക രക്ഷാപദ്ധതി ആദാമിന്റെ സൃഷ്ടി മുതൽ 1656 വർഷം മുന്നോട് സഞ്ചരിച്ച്, 659 വർഷത്തെ പിതൃയുഗവും, 1845 വർഷത്തെ യഹൂദയുഗവും, 1845 വർഷത്തെ സുവിശേഷ യുഗവും കടന്നു സഹസ്രാബ്ദയുഗത്തിലേക്ക് പ്രവേശിച്ച് 149 വർഷം പിന്നിട്ടിരിക്കെ, താമസിയാതെ, യോഹന്നാൻ 5:28-29-ൽ കൊടുത്തിരിക്കുന്നതുപോലെ നമ്മുടെ പ്രിയ യേശുവിന്റെ സഹസ്രാബ്ദ മധ്യസ്ഥ വേലയും: "ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ് വാനുള്ള നാഴിക വരുന്നു." പഴയ വർഷത്തെ കടന്ന് പുതിയ വർഷത്തിലേക്കുള്ള ഈ മാറ്റത്തിന്റെ സമയം, 2024 ൽ വരുവാനുള്ളവയുടെ സ്ഥാപനത്തിനുള്ള ഏറ്റവും അനുകൂല അവസരമാണ്. നമുക്ക്, "എൻ മനമേ, യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103:2) എന്ന് ആത്മവിശ്വാസത്തോടെ പറയാം. ദൈവത്തിന്റെ സമർപ്പിത മക്കളെന്ന നിലയിൽ നമുക്ക് ആത്മാവോടും അതിന്റെ ധാരണയോടും കൂടി മുന്നോട്ട് പോകാം.

ഈ അവസരത്തിൽ നമ്മുടെ പ്രിയപ്പെട്ട വീണ്ടെടുപ്പുകാരന്റെ വാക്കുകൾ നമുക്ക് ഏറെ പ്രസക്തമാണ്, "എന്നാൽ നിങ്ങളുടെ കണ്ണു കാണുന്നതുകൊണ്ടും, നിങ്ങളുടെ ചെവി കേൾക്കുന്നതുകൊണ്ടും ഭാഗ്യമുള്ളവ, ഏറിയ പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നത് കാണ്മാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല, നിങ്ങൾ കേൾക്കുന്നത് കേൾക്കാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്നു ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു" (മത്താ. 13:16-17).

വിശ്വാസം അനിവാര്യമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഒരു കേൾക്കുന്ന ചെവിയും, ആത്മീയകാര്യങ്ങളെ മനസ്സിലാക്കുന്നതിന് ആവശ്യമായ

ഗുണങ്ങളായ വിനയം, സൗമ്യത, സത്യത്തിനായുള്ള വിശപ്പ് തുടങ്ങിയവ ഉള്ളവർ മാത്രമാണ് ദൈവവചനം ഗ്രഹിക്കുക. ഈ ഗുണങ്ങളുടെ അഭാവം സ്വയേച്ഛയിലേക്കും സ്വന്തം അഭിപ്രായങ്ങൾക്ക് മുൻഗണന നൽകുന്നതിലേക്കും നയിക്കുന്നു. നമ്മുടെ കർത്താവിന്റെ കേൾവിക്കാരിൽ ഭൂരിഭാഗത്തിനും ഈ ഗുണങ്ങൾ ഇല്ലായിരുന്നു, അതിനാൽ നമ്മുടെ കർത്താവ് വ്യക്തമായി സംസാരിച്ചില്ല എന്നത് യഥാർത്ഥത്തിൽ ഒരു കാരുണ്യമായിരുന്നു. എന്തെന്നാൽ, അത് സത്യത്തെ വിലകുറച്ചു കാണുന്നതിനും കേൾവിക്കാർക്ക് ദോഷകരമായി ഭവിക്കുന്നതിനും കാരണമാകുമായിരുന്നു (റോമ. 11:32).

തന്റെ ശിഷ്യന്മാർക്ക് അവൻ ഉപമകളുടെ അർഥം പ്രത്യേകമായി വിശദീകരിക്കുമായിരുന്നു, കാരണം അത് അവരുടെ വളർച്ചയ്ക്ക് വേണ്ട "പ്രയോജനകരമായ പഠിപ്പിക്കലിന്റെ" ഭാഗമായിരുന്നു (2 തിമൊ. 3:16). അവനെ പൂർണ്ണ ഭയഭക്തിയോടെ ആരാധിക്കുന്ന സമർപ്പിതരായ ശിഷ്യന്മാർക്ക് ഈ അനുഗ്രഹം ഇന്നും നിലനിൽക്കുന്നു, കാരണം "കർത്താവിന്റെ രഹസ്യം" അത്തരക്കാർക്ക് മാത്രമേ വെളിപ്പെട്ടിട്ടുള്ളൂ (സങ്കീ. 25:14).

ദൈവത്തോടും യേശുവിനോടും, അവർ നമ്മോട് കാണിച്ച അതി മഹത്തായ സ്നേഹത്തിന് മറുപടിയായി നമുക്ക് നന്ദിയും കൃതജ്ഞതയും പ്രകടിപ്പിക്കാം. ഇതിൽ ഒരു നിമിഷത്തേക്കെങ്കിലും ഉണ്ടാവുന്ന കോട്ടം, ആത്മീയ രോഗത്തിന്റെ തെളിവായി പരിഗണിച്ചും ഖേദിച്ചും കൊണ്ട്, വേദനിക്കുന്നവർ മഹാവൈദ്യന്റെ അടുത്ത് രോഗശാന്തിക്കായി ഉടൻ പോകണമെന്നുമുള്ള യഥാർത്ഥ ക്രിസ്ത്യാനിയുടെ മനോഭാവം നമുക്ക് എന്നും ഉണ്ടായിരിക്കണം. പ്രാർത്ഥനയും ദൈവവചനത്തിന്റെ ധ്യാനവും, പ്രത്യേകിച്ച് അവൻ നമുക്കായി ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും ഭാവിയിൽ ചെയ്യുന്നതുമായ വിസ്മയകരമായ എല്ലാ കാര്യങ്ങളേയും, ആ അനുഗ്രഹങ്ങളെ നമുക്ക് നല്കുന്നതിനായി കൊടുത്ത വിലയേയും കുറിച്ച് ചിന്തിക്കുന്നത്, നവോന്മേഷവും ദൈവത്തോടും യേശുവിനോടുമുള്ള സ്നേഹവും തീക്ഷ്ണതയും പുതുക്കുകയും ചെയ്യും. "പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം" (2 കൊരി. 9:15). "ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ.... നന്ദിയുള്ളവരായും ഇരിപ്പിൻ. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ" (കൊലോ. 3:15, 17). "നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു; അതിനാൽ നിങ്ങളുടെ ശരീരത്തിലും നിങ്ങളുടെ ആത്മാവിലും [മനസ്സ്] ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരി. 6:20; 7:23; 10:31). അപ്പോൾ നമ്മുടെ മനസ്സിന്റെ പുതുക്കത്താൽ നമുക്ക് രൂപാന്തരപ്പെടാം (റോമ. 12:2).

"നിന്റെ ദയ ജീവനേക്കാൾ നല്ലതാകുന്നു, എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും" (സങ്കീ. 63:3) ഹാ, എത്ര മഹത്തരം! യഹോവയുടെ സ്നേഹാനുകമ്പയെക്കുറിച്ചുള്ള നമ്മുടെ ഈ സമയത്തെ പഠനം ഈയൊരു വാക്യത്തിലേക്ക് ഞങ്ങൾ ചുരുക്കുന്നു. ദൈവത്തിന്റെ ദയയ്ക്ക് ഒരു പ്രകൃതവും സ്വഭാവവുമുണ്ട്, ഒരു സ്നേഹാനുകമ്പ, അത് അവന്റെ എല്ലാ സൃഷ്ടികളിലേക്കും -ബുദ്ധിയുള്ളവരോട് മാത്രമല്ല, ബുദ്ധിയില്ലാത്ത സൃഷ്ടികളിലേക്കും കൂടി നീളുന്നു. നീതിമാന്മാരോടും നീതികെട്ടവരോടും അവൻ തന്റെ ദയയും പ്രീതിയും കാണിക്കുന്നു. അവൻ തന്റെ വെയിലും മഴയും നല്ലവരുടെയും ദുഷ്ടന്മാരുടേയും മേൽ അയയ്ക്കുന്നു. എന്നാൽ ഒരു പ്രത്യേക സ്നേഹാനുകമ്പ, ഒരു പ്രത്യേക ദയ, അത് സ്നേഹയോഗ്യമായ ഗുണങ്ങൾ ഹൃദയത്തിൽ ഉള്ളവരെ- അത്തരം സ്വഭാവസവിശേഷതകൾ ഉള്ളവരെ സ്നേഹിക്കാൻ അനുവദിക്കുന്നതും അതിനാൽ സ്നേഹിക്കുന്നതുമാണ് -എല്ലാ നല്ല വ്യക്തിയും നല്ലവരും ഹൃദയ-മാഹാത്മ്യമുള്ളവരുമായ മറ്റെല്ലാ വ്യക്തികളെയും സ്നേഹിക്കുന്നതുപോലെ തന്നേ.

വിശുദ്ധരായ ദൈവദൂതന്മാരോട് ദൈവത്തിന് അത്തരമൊരു സ്നേഹമുണ്ട്. പാപം ചെയ്യുന്നതിനു മുമ്പ് ആദാമിനോടും അവന് അത്തരമൊരു സ്നേഹമുണ്ടായിരുന്നു. പാപത്തിനു ശേഷം, ആദാമിന്റെ വംശത്തിൽപ്പെട്ടവരായ, തങ്ങളുടെ പാപം മനസ്സിലാക്കി അവനിലേക്ക് മടങ്ങാനും അവന്റെ ഇഷ്ടം ചെയ്യാനും ആഗ്രഹിക്കുന്നരോട് സ്നേഹാനുകമ്പയുടെ ഒരു ചായ്വ് അവനുണ്ട്. ഇവർക്കായി ഒരു അത്ഭുതകരമായ വ്യവസ്ഥ ഒരുക്കാൻ അവന്റെ സ്നേഹാനുകമ്പ അവനെ പ്രേരിപ്പിച്ചു, ചിലത് ഭൗമിക സ്വഭാവമുള്ളവയായിരിക്കും, അത് ഏദേന്യ പൂർണതയിലേക്ക് കൊണ്ടുവന്നതിനുശേഷം ഈ ഭൂമിയിൽ നിത്യജീവന്റെ അനുഗ്രഹം പ്രാപിക്കുന്നതായിരിക്കും. മറ്റുള്ളവ ആത്മീയ സ്വഭാവമുള്ളവയായിരിക്കാൻ അവൻ ഒരുക്കിയിരിക്കുന്നു. സത്യമായും, "ദൈവത്തിന്റെ കാരുണ്യത്തിൽ, കടലിന്റെ വിശാലത പോലെയുള്ള ഒരു വിശാലതയുണ്ട്!"

എന്നാൽ, മനഃപൂർവ്വ പാപിയെ സംബന്ധിച്ച് എന്താകും? മനപ്പൂർവ്വ പാപിയെ സ്നേഹിക്കാൻ ദൈവത്തിന് കഴിയില്ല, എന്ന ഈ ധാരണ നീതിക്ക് യോജിച്ചതാണ്. അറിവില്ലായ്മയോ ശരിയായ വിവരമോ ഇല്ലാത്തതിനാൽ ദൈവീക നിയമം ലംഘിക്കുന്നവരെ

നാം സ്നേഹിച്ചേക്കാം, എന്നാൽ ദുഷ്ടഹൃദയത്തോടും, മനപ്പൂർവ്വവും തെറ്റായ പ്രവൃത്തി ചെയ്യുന്ന ഒരാളെ നമുക്ക് ശരിയായി സ്നേഹിക്കാൻ കഴിയുകയില്ല. തിരുത്താനാകാത്ത ദുഷ്ടന്മാരോട് ദൈവത്തിന് സ്നേഹമില്ല, സങ്കീ. 145:20 -ൽ പറഞ്ഞിരിക്കുന്നതുപോലെ "എന്നാൽ സകല ദുഷ്ടന്മാരെയും അവൻ നശിപ്പിക്കും". അവന്റെ നീതിക്ക് അനുസൃതമായി വരുന്നവർക്ക് മാത്രം നിത്യജീവന്റെ അനുഗ്രഹം ആസ്വദിക്കാൻ കഴിയും വിധം അവൻ എല്ലാം ക്രമീകരിച്ചിരിക്കുന്നു. അവർക്ക് നിത്യമായ സന്തോഷമുണ്ടാകും; അവർ എന്നെന്നേക്കും അവന്റെ സ്നേഹപൂർവ്വകമായ അനുഗ്രഹം സ്വീകരിക്കുന്നവരായിരിക്കും.

സങ്കീർത്തനക്കാരൻ തന്റെ സ്വന്താനുഭവങ്ങളിലും ദൈവത്തിന്റെ സ്നേഹാനുകമ്പ രുചിച്ചിരുന്നു. അവൻ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ, ദൈവത്തിന്റെ ദൃഷ്ടിയിൽ തനിക്കു പ്രീതി ലഭിച്ചുവെന്ന് അവൻ അറിഞ്ഞു. പിന്നീട്, അവൻ തെറ്റായ പ്രവർത്തികൾ ചെയ്തപ്പോൾ ദൈവം അവനെ ശാസിക്കുകയും സ്നേഹത്തിൽ ശിക്ഷിക്കുകയും ചെയ്തു, കാരണം ദാവീദ് കർത്താവിന്റെ സ്വന്ത ഹൃദയത്തോട് ചേർന്നുനിൽക്കുന്ന ഒരു മനുഷ്യനായിരുന്നു, അതായത്, ശരിയും ദൈവേഷ്ടം ചെയ്യാനുള്ള വാഞ്ചയും അവനുണ്ടായിരുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു വടക്കുനോക്കി യന്ത്രത്തിന്റെ സൂചി ഉത്തരധ്രുവത്തിലേക്ക് ചൂണ്ടുന്ന അതിന്റെ സാധാരണ അവസ്ഥയിൽ നിന്ന് വ്യതിചലിച്ചേക്കാം, അതുപോലെ ചില സമയങ്ങളിൽ ചില ആകർഷണങ്ങൾ ദാവീദിനെ സ്വാധീനിക്കുകയും തെറ്റായ ഗതിയിലേക്ക് നയിക്കുകയും ചെയ്തു.

ദൈവത്തിന്റെ സമർപ്പിതരായ ചിലർ എന്ന നിലയിൽ, ദൈവത്തിന്റെ സ്നേഹാനുകമ്പ നമുക്ക് പ്രകടമാണ്. അവന്റെ അതിമഹത്തും വിലയേറിയതുമായ വാഗ്ദാനങ്ങൾ നമുക്കുണ്ട്. നാം അവന്റെ പ്രത്യേക സ്നേഹം സ്വീകരിക്കുന്നവരാണ്. ഈ സ്നേഹത്തെയും ഈ മഹത്തായ വാഗ്ദാനങ്ങളെയും അവന്റെ കൃപയുടെ സമൃദ്ധമായ കരുതലുകളെയും നാം എത്രയധികം വിലമതിക്കുന്നുവോ അത്രയധികം നമ്മുടെ ഹൃദയം കൃതജ്ഞതയോടെ പ്രതികരിക്കുകയും അവന്റെ ദയ നമുക്ക് കൂടുതൽ യാഥാർത്ഥ്യമാകുകയും, അത്രയധികം നാം അവന്റെ സേവനത്തിൽ നമ്മുടെ ജീവിതം സമർപ്പിക്കാൻ തയ്യാറാകുകയും ചെയ്യുന്നു.

നമുക്ക് യേശുവിനെപ്പോലെ, എല്ലാറ്റിനുമുപരിയായി പിതാവിന്റെ പ്രീതിക്ക് മുൻഗണന നൽകുന്നവർ ആയിരിക്കാം. "കുഞ്ഞാടിനെ അവൻ പോകുന്നിടത്തെല്ലാം അനുഗമിക്കുന്ന" ആളുകൾക്ക് മാത്രം നൽകപ്പെട്ട ദൈവത്തിന്റെ പ്രത്യേക സ്നേഹാനുകമ്പയും സമാനതകളില്ലാത്ത വാഗ്ദാനങ്ങളും താനുമായി പങ്കുവെക്കാൻ, പിതാവിന്റെ ക്രമീകരണപ്രകാരം തന്റെ ശിഷ്യന്മാരായിത്തീരുന്നതിലൂടെ, യേശു ഈ പുതിയതും ജീവനുള്ളതുമായ വഴി തുറന്നു. തീർച്ചയായും നമ്മുടെ അധരങ്ങൾ നമ്മുടെ ദൈവത്തെ സ്തുതിക്കും! നമുക്കുള്ളതും ലഭിക്കുമെന്ന് പ്രത്യാശിക്കുന്നതുമായ എല്ലാറ്റിനും കർത്താവിനെ സ്തുതിക്കും! തീർച്ചയായും നമ്മുടെ അധരങ്ങൾ നമ്മുടെ ദൈവത്തെ സ്തുതിക്കും!

നമുക്കുള്ളതും ലഭിക്കുമെന്ന് പ്രത്യാശിക്കുന്നതുമായ എല്ലാറ്റിനും കർത്താവിനെ സ്തുതിക്കും. ദൈവത്തിന്റെ സ്നേഹനിർഭരമായ ദയയെക്കുറിച്ചുള്ള 19-ാം ഗാനം ആലപിക്കുന്നതിനെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

**അവന്റെ സ്നേഹാനുകമ്പ**

1 ആഹ്ളാദഭരിതരായ ഇടങ്ങളിലേക്ക് എന്റെ ആത്മാവിനെ ഉണർത്തുകയും നിന്റെ മഹാ വീണ്ടെടുപ്പുകാരനെ വാഴ്ത്തുകയും ചെയ്യേണമേ; അവന്റെ ദയ, എത്ര സ്വതന്ത്രം!

2 വീഴ്ചയിൽ ഞാൻ നശിച്ചുപോയത് അവൻ കണ്ടു, എന്നിട്ടും എന്നെ സ്നേഹിച്ചു, എല്ലാറ്റിനോടും എതിർക്കാതെ, എന്റെ നഷ്ടപ്പെട്ട സമ്പത്തിൽ നിന്ന് അവൻ എന്നെ സംരക്ഷിച്ചു; അവന്റെ ദയ, എത്ര മഹത്തരം!

3 പ്രബലരായ അനേക ശത്രുക്കളുടെ സൈന്യങ്ങൾ ഉണ്ടാകിലും, എതിരിടാനുള്ള അതിന്റെ സ്വർഗ്ഗീയവഴി സമ്മേളിപ്പിക്കുന്നു; അവൻ തന്റെ സഭയെ സുരക്ഷിതമായി നയിക്കുന്നു, അവന്റെ ദയ എത്ര ശക്തമാണ്!

4 കഷ്ടത, ഇരുണ്ട മേഘം പോലെ കനത്തതും, ഉച്ചത്തിൽ ഇടിമുഴക്കവും കൂടുമ്പോൾ; അവൻ എപ്പോഴും എന്റെ ആത്മാവിനടുത്ത് നിന്നു; അവന്റെ ദയ എത്ര നല്ലത്!

5 ഭൂമിയുടെ യഥാർഥ രാജാവ് വരികയും, മോചിപ്പിക്കപ്പെട്ട തന്റെ ജനത്തെ വീട്ടിലേക്ക് കൊണ്ടുപോകുകയും ചെയ്യുമ്പോൾ, ആനന്ദകരമായ തീരത്ത് ഞാൻ പാടും, അവന്റെ ദയ എന്നേക്കും ഉള്ളത്.

കോറസ്: അവന്റെ സ്നേഹദയ, സ്നേഹദയ, അവന്റെ സ്നേഹദയ, എത്ര മഹത്തരം!

**ദൈവവചനത്തിൽ സന്തോഷിക്കുക!**

**ദൈവത്തിന്റെ സമർപ്പിതരായ മക്കൾ സംതൃപ്തിയോടെ ആ വർഷത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ദൈവം തന്റെ നന്മ നിറഞ്ഞ ഒരു വർഷം കൂടി നമുക്ക് തന്നിരിക്കുന്നു!**

# ബൈബിൾ സംഭാഷണങ്ങൾ

**ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നുമുള്ള കഥകൾ ലളിതമായ ഭാഷയിൽ**

യാക്കോബും ഏശാവും

ഉല്പ. 25:24-26:5,12-27:45

യാക്കോബും ഏശാവും യിസ്ഹാക്കിന്റെയും റിബേക്കയുടെയും പുത്രന്മാരായിരുന്നു. അവർ ഇരട്ടകളായിരുന്നു, ഏശാവായിരുന്നു ആദ്യം പുറത്തുവന്നവൻ, അവൻ ചുവന്നവനായിരുന്നു, മേൽ മുഴുവൻ രോമം കൊണ്ടുള്ള വസ്ത്രം പോലെ ഇരുന്നു.

കുട്ടികൾ വളർന്നു: ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയും യാക്കോബ് സാധുശീലനും കൂടാരവാസിയും ആയിരുന്നു. ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതുകൊണ്ടു യിസ്ഹാക്ക് അവനെ സ്നേഹിച്ചു; റിബെക്കയോ യാക്കോബിനെ സ്നേഹിച്ചു.

ഒരിക്കൽ യാക്കോബ് ഒരു പായസം വച്ചു; ഏശാവ് വെളിമ്പ്രദേശത്തു നിന്നു വന്നു; അവൻ നന്നാ ക്ഷീണിച്ചിരുന്നു. ഏശാവ് യാക്കോബിനോട്: ആ ചുവന്ന പായസം കുറെ എനിക്കു തരേണം; ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ടു അവന്നു ഏദോം (ചുവന്നവൻ) എന്നു പേരായി. നിന്റെ ജ്യേഷ്ഠാവകാശം ഇന്നു എനിക്കു വിൽക്കുക എന്നു യാക്കോബു പറഞ്ഞു. അതിന്ന ഏശാവു: ഞാൻ മരിക്കേണ്ടി വരുമല്ലോ; ഈ ജ്യേഷ്ഠാവകാശം എനിക്കു എന്തിന്ന എന്നു പറഞ്ഞു. ഇന്നു എന്നോടു സത്യം ചെയ്ക എന്നു യാക്കോബു പറഞ്ഞു. അവൻ അവനോടു സത്യം ചെയ്തു: തന്റെ ജ്യേഷ്ഠാവകാശം യാക്കോബിന്ന വിറ്റു. യാക്കോബു ഏശാവിന്ന അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു; അവൻ ഭക്ഷിച്ചു പാനം ചെയ്തു, എഴുന്നേറ്റു പോയി; അങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അലക്ഷ്യമാക്കിക്കളഞ്ഞു.

അബ്രഹാമിന്റെ കാലത്തുണ്ടായ മുമ്പിലത്തെ ക്ഷാമം കൂടാതെ പിന്നെയും ആ ദേശത്തു ഒരു ക്ഷാമം ഉണ്ടായി. അപ്പോൾ യിസ്ഹാക്ക് ഗെരാരിൽ ഫെലിസ്ത്യരുടെ രാജാവായ അബീമേലെക്കിന്റെ അടുക്കൽ പോയി.

## ഭൂമിയിലെ സകല ജാതികൾക്കുമായുള്ള ഒരു അനുഗ്രഹം

യഹോവ അവന്ന പ്രത്യക്ഷനായി അരുളിച്ചെയ്തതെന്തെന്നാൽ: നീ മിസ്രയീമിലേക്കു പോകരുത്; ഞാൻ നിന്നോടു കൽപിക്കുന്ന ദേശത്തു പാർക്ക ഈ ദേശത്തു താമസിക്ക; ഞാൻ നിന്നോടു കൂടെ ഇരുന്നു നിന്നെ അനുഗ്രഹിക്കും; നിനക്കും നിന്റെ സന്തതിക്കും ഈ ദേശമൊക്കെയും തരും; നിന്റെ പിതാവായ അബ്രഹാമിനോടു ഞാൻ ചെയ്ത സത്യം നിവർത്തിക്കും. അബ്രഹാം എന്റെ വാക്കു കേട്ടു എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ടു ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ചു നിന്റെ സന്തതിക്കു ഈ ദേശമൊക്കെയും കൊടുക്കും; നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും.

യിസ്ഹാക്ക് ആ ദേശത്തു വിതച്ചു; ആയാണ്ടിൽ നൂറുമേനി വിളവു കിട്ടി; യഹോവ അവനെ അനുഗ്രഹിച്ചു. അവൻ വർദ്ധിച്ചു വർദ്ധിച്ചു മഹാധനവാനായിത്തീർന്നു. അവന്ന ആട്ടിൻകൂട്ടങ്ങളും മാട്ടിൻകൂട്ടങ്ങളും വളരെ ദാസീദാസന്മാരും ഉണ്ടായിരുന്നതുകൊണ്ടു ഫെലിസ്ത്യർക്കു അവനോടു അസൂയ തോന്നി. എന്നാൽ അവന്റെ പിതാവായ അബ്രഹാമിന്റെ കാലത്തു അവന്റെ പിതാവിന്റെ ദാസന്മാർ കുഴിച്ചിരുന്ന കിണറൊക്കെയും ഫെലിസ്ത്യർ മണ്ണിട്ടു നികത്തിക്കളഞ്ഞിരുന്നു.

അബീമേലെക്ക് യിസ്ഹാക്കിനോടു: നീ ഞങ്ങളെക്കാൾ ഏറ്റവും ബലവാനാകകൊണ്ടു ഞങ്ങളെ വിട്ടു പോക എന്നു പറഞ്ഞു. അങ്ങനെ യിസ്ഹാക്ക് അവിടെനിന്നു പുറപ്പെട്ടു ഗേരാർ താഴ്വരയിൽ കൂടാരമടിച്ചു. അവിടെ പാർത്തു. തന്റെ പിതാവായ

അബ്രഹാമിന്റെ കാലത്തു കുഴിച്ചതും അബ്രഹാം മരിച്ച ശേഷം ഫെലിസ്ത്യർ നികത്തി കളഞ്ഞതു മായ കിണറുകൾ യിസ്ഹാക്ക് പിന്നെയും കുഴിച്ചു തന്റെ പിതാവു അവയ്ക്കിട്ടിരുന്ന പേർ തന്നെ ഇട്ടു. യിസ്ഹാക്കിന്റെ ദാസന്മാർ ആ താഴ്വരയിൽ കുഴിച്ചു നീരുറവുള്ള ഒരു കിണർ കണ്ടു.

അപ്പോൾ ഗെരാർ ദേശത്തിലെ ഇടയന്മാർ: ഈ വെള്ളം ഞങ്ങൾക്കുള്ളത് എന്നു പറഞ്ഞു യിസ്ഹാക്കിന്റെ ഇടയന്മാരോടു ശണ്ഠയിട്ടു; അവർ തന്നോടു ശണ്ഠയിട്ടതുകൊണ്ടു അവൻ ആ കിണറ്റിനു ഏശെക് എന്നു പേർ വിളിച്ചു. അവർ മറ്റൊരു കിണറു കുഴിച്ചു; അതിനെക്കുറിച്ചും അവർ ശണ്ഠയിട്ടതുകൊണ്ടു അവൻ അതിനു സിത്നാ എന്നു പേർ വിളിച്ചു.

അവൻ അവിടെ നിന്നു മാറിപ്പോയി മറ്റൊരു കിണറു കുഴിച്ചു; അതിനെക്കുറിച്ചു അവർ ശണ്ഠയിട്ടില്ല. യഹോവ ഇപ്പോൾ നമുക്ക് ഇടം ഉണ്ടാക്കി നാം ദേശത്തു വർദ്ധിക്കുമെന്നു പറഞ്ഞു അവൻ അതിനു രെഹോബോത്ത് എന്നു പേരിട്ടു. അവിടെ നിന്നു അവൻ ബേർ-ശേബെക്കു പോയി. അന്നു രാത്രി യഹോവ അവനു പ്രത്യക്ഷനായി: ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവം ആകുന്നു; നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ട്; എന്റെ ദാസനായ അബ്രഹാം നിമിത്തം ഞാൻ നിന്നെ അനുഗ്രഹിച്ചു നിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്നു അരുളിച്ചെയ്തു. അവിടെ അവൻ ഒരു യാഗപീഠം പണിതു. യഹോവയുടെ നാമത്തിൽ ആരാധിച്ചു. അവിടെ തന്റെ കൂടാരം അടിച്ചു; അവിടെയും യിസ്ഹാക്കിന്റെ ദാസന്മാർ ഒരു കിണറ് കുഴിച്ചു.

## ഒരു സമാധാന ഉടമ്പടി

അനന്തരം അബീമേലെക്കും സ്നേഹിതനായ അഹൂസത്തും സേനാപതിയായ ഫീക്കോലും ഗെരാനിൽ അവന്റെ അടുക്കൽ വന്നു. യിസ്ഹാക്ക് അവരോടു: നിങ്ങൾ എന്തിനു എന്റെ അടുക്കൽ വരുന്നു? നിങ്ങൾ എന്നെ ദ്വേഷിച്ചു നിങ്ങളുടെ ഇടയിൽ നിന്നു അയച്ചു കളഞ്ഞുവല്ലോ എന്നു പറഞ്ഞു. അതിനു അവർ: യഹോവ നിന്നോടു കൂടെ ഉണ്ട് എന്നു ഞങ്ങൾ സ്പഷ്ടമായി കണ്ടു; അതുകൊണ്ടു നമുക്കു തമ്മിൽ, ഞങ്ങൾക്കും നിനക്കും തമ്മിൽ തന്നെ, ഒരു സത്യബന്ധമുണ്ടായിരിക്കേണം. ഞങ്ങൾ നിന്നെ തൊട്ടിട്ടില്ലാത്തതുപോലെയും നന്മമാത്രം നിനക്കു ചെയ്തു നിന്നെ സമാധാനത്തോടെ അയച്ചതുപോലെയും നീ ഞങ്ങളോടു ഒരു ദോഷവും ചെയ്കയില്ല എന്നു ഞങ്ങളും നീയും തമ്മിൽ ഒരു ഉടമ്പടി ചെയ്ക. നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനല്ലോ എന്നു പറഞ്ഞു. അവൻ അവർക്കു ഒരു വിരുന്ന് ഒരുക്കി; അവർ ഭക്ഷിച്ചു പാനം ചെയ്തു. അവർ അതികാലത്തു എഴുന്നേറ്റു, തമ്മിൽ സത്യം ചെയ്ത ശേഷം യിസ്ഹാക്ക് അവരെ യാത്ര അയച്ചു അവർ സമാധാനത്തോടെ പിരിഞ്ഞു പോയി.

ആ ദിവസം തന്നെ യിസ്ഹാക്കിന്റെ ദാസന്മാർ വന്നു തങ്ങൾ കുഴിച്ച കിണറിന്റെ വസ്തുത അവനെ അറിയിച്ചു: ഞങ്ങൾ വെള്ളം കണ്ടു എന്നു പറഞ്ഞു. അവൻ അതിനു ശിബാ എന്നു പേരിട്ടു; അതുകൊണ്ടു ആ പട്ടണത്തിനു ഇന്നുവരെ ബേർ-ശേബ എന്നു പേർ.

ഏശാവിനു നാൽപതു വയസായപ്പോൾ അവൻ ഹിത്യനായ ബേരിയുടെ മകൾ യെഹൂദീത്തിനെയും ഹിത്യനായ ഏലോന്റെ മകൾ ബാസമത്തിനെയും ഭാര്യമാരായി പരിഗ്രഹിച്ചു. ഇവർ യിസ്ഹാക്കിനും റിബെക്കക്കും മനോവ്യസനകാരണമായിരുന്നു.

യിസ്ഹാക്ക് വൃദ്ധനായി അവന്റെ കണ്ണു കാൺമാൻ വഹിയാതെ വണ്ണം മങ്ങിയപ്പോൾ അവൻ ഒരു ദിവസം മൂത്ത മകനായ ഏശാവിനെ വിളിച്ചു അവനോട്: മകനേ എന്നു പറഞ്ഞു. അവൻ അവനോട്: ഞാൻ ഇതാ എന്നു പറഞ്ഞു. അപ്പോൾ അവൻ: ഞാൻ വൃദ്ധനായിരിക്കുന്നു; എന്റെ മരണദിവസം അറിയുന്നതുമില്ല. നീ ഇപ്പോൾ നിന്റെ ആയുധങ്ങളായ വില്ലും പൂണിയും എടുത്തു കാട്ടിൽ ചെന്നു എനിക്കു വേണ്ടി വേട്ട തേടി എനിക്കു ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കി, ഞാൻ മരിക്കും മുമ്പെ തിന്നു നിന്നെ അനുഗ്രഹിക്കേണ്ടതിനു എന്റെ അടുക്കൽ കൊണ്ടുവരിക എന്നു പറഞ്ഞു. യിസ്ഹാക്ക് തന്റെ മകനായ ഏശാവിനോടു പറയുമ്പോൾ റിബെക്കാ കേട്ടു. ഏശാവോ വേട്ട തേടി കൊണ്ടു വരുവാൻ കാട്ടിൽ പോയി.

## യാക്കോബ് രണ്ട് കോലാട്ടിൻ കുട്ടികളെ കൊണ്ടുവരുന്നു

റിബെക്കാ തന്റെ മകനായ യാക്കോബിനോടു പറഞ്ഞത്: നിന്റെ അപ്പൻ നിന്റെ സഹോദരനായ ഏശാവിനോടു സംസാരിച്ചു: ഞാൻ എന്റെ മരണത്തിനു മുമ്പെ തിന്നു നിന്നെ യഹോവയുടെ മുമ്പാകെ അനുഗ്രഹിക്കേണ്ടതിനു നീ വേട്ടയിറച്ചി കൊണ്ടുവന്നു രുചികരമായ ഭോജനം ഉണ്ടാക്കിത്തരിക എന്നു പറയുന്നതു ഞാൻ കേട്ടു. ആകയാൽ മകനേ, നീ എന്റെ വാക്കു കേട്ടു ഞാൻ നിന്നോടു കൽപിക്കുന്നതു ചെയ്ക. ആട്ടിൻകൂട്ടത്തിൽ ചെന്നു അവിടെ നിന്നു രണ്ടു നല്ല കോലാട്ടിൻ കുട്ടികളെ കൊണ്ടുവരിക; ഞാൻ അവയെക്കൊണ്ടു നിന്റെ അപ്പനു ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കും. നിന്റെ അപ്പൻ തിന്നു തന്റെ മരണത്തിനു മുമ്പെ നിന്നെ അനുഗ്രഹിക്കേണ്ടതിനു നീ അതു അവന്റെ അടുക്കൽ കൊണ്ടുചെല്ലേണം.

അതിനു യാക്കോബ് തന്റെ അമ്മയായ റിബെക്കയോട്: എന്റെ സഹോദരനായ ഏശാവു രോമമുള്ളവനും ഞാൻ രോമമില്ലാത്തവനും ആകുന്നുവല്ലോ. പക്ഷെ അപ്പൻ എന്നെ തപ്പി നോക്കും; ഞാൻ ഉപായി എന്നു അവനു തോന്നീട്ട് ഞാൻ എന്റെ മേൽ അനുഗ്രഹമല്ല ശാപം തന്നെ വരുത്തും എന്നു പറഞ്ഞു. അവന്റെ അമ്മ അവനോട്: മകനേ, നിന്റെ ശാപം എന്റെ മേൽ വരട്ടെ; എന്റെ വാക്കു മാത്രം കേൾക്ക; നീ പോയി കൊണ്ടുവാ എന്നു പറഞ്ഞു.

അവൻ ചെന്നു പിടിച്ചു അമ്മയുടെ അടുക്കൽ കൊണ്ടുവന്നു: അമ്മ അവന്റെ അപ്പനു ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കി. പിന്നെ റിബെക്കാ വീട്ടിൽ തന്റെ പക്കൽ ഉള്ളതുമായ മൂത്ത മകൻ ഏശാവിന്റെ വിശേഷ വസ്ത്രമെടുത്തു ഇളയമകൻ യാക്കോബിനെ ധരിപ്പിച്ചു. അവൾ കോലാട്ടിൻ കുട്ടികളുടെ തോൽക്കൊണ്ടു അവന്റെ കൈകളും രോമമില്ലാത്ത കഴുത്തും പൊതിഞ്ഞു. താൻ ഉണ്ടാക്കിയ രുചികരമായ ഭോജനവും അപ്പവും തന്റെ മകനായ യാക്കോബിന്റെ കയ്യിൽ കൊടുത്തു.

അവൻ അപ്പന്റെ അടുക്കൽ ചെന്നു: അപ്പാ എന്നു പറഞ്ഞതിനു: ഞാൻ ഇതാ; നീ ആർ, മകനേ എന്നു ചോദിച്ചു. യാക്കോബ് അപ്പനോട്: ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്; എന്നോടു കൽപ്പിച്ചതു ഞാൻ ചെയ്തിരിക്കുന്നു; എഴുന്നേറ്റ് ഇരുന്നു എന്റെ വേട്ടയിറച്ചി തിന്ന് എന്നെ അനുഗ്രഹിക്കേണമേ എന്നു പറഞ്ഞു. യിസ്ഹാക്ക് തന്റെ മകനോട്: മകനേ, നിനക്കു ഇത്ര വേഗത്തിൽ കിട്ടിയത് എങ്ങനെ എന്നു ചോദിച്ചതിന് നിന്റെ ദൈവമായ യഹോവ എന്റെ നേർക്കു വരുത്തിത്തന്നു എന്ന് അവൻ പറഞ്ഞു. യിസ്ഹാക്ക് യാക്കോബിനോട്: മകനെ അടുത്തുവരിക; നീ എന്റെ മകനായ ഏശാവു തന്നെ അല്ലയോ എന്നു തപ്പി നോക്കട്ടെ എന്നു പറഞ്ഞു. യാക്കോബ് തന്റെ അപ്പനായ യിസ്ഹാക്കിനോട് അടുത്തു ചെന്നു; അവൻ അവനെ തപ്പിനോക്കി; ശബ്ദം യാക്കോബിന്റെ ശബ്ദം; കൈകൾ ഏശാവിന്റെ കൈകൾത്തന്നെ എന്നു പറഞ്ഞു അവന്റെ കൈകൾ സഹോദരനായ ഏശാവിന്റെ കൈകൾ പോലെ രോമമുള്ളവയാകകൊണ്ടു അവൻ തിരിച്ചറിയാതെ അവനെ അനുഗ്രഹിച്ചു. നീ എന്റെ മകൻ ഏശാവ് തന്നെയോ എന്ന് അവൻ ചോദിച്ചതിന്: അതേ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ: എന്റെ അടുക്കൽ കൊണ്ടുവാ; ഞാൻ നിന്നെ അനുഗ്രഹിക്കേണ്ടതിന് എന്റെ മകന്റെ വേട്ടയിറച്ചി ഞാൻ തിന്നാം എന്ന് പറഞ്ഞു; അവൻ അടുക്കൽ കൊണ്ടുചെന്നു, അവൻ തിന്നു; അവൻ വീഞ്ഞും കൊണ്ടുചെന്നു, അവൻ കുടിച്ചു. അങ്ങനെ യാക്കോബ് അനുഗ്രഹം പ്രാപിച്ചു.

## യിസ്ഹാക്ക് തന്റെ അനുഗ്രഹം യാക്കോബിന്റെ മേൽ ചൊരിയുന്നു

പിന്നെ അവന്റെ അപ്പനായ യിസ്ഹാക്ക് അവനോട്: മകനേ, നീ അടുത്തുവന്നു എന്നെ ചുംബിക്ക എന്നു പറഞ്ഞു. അവൻ അടുത്തു ചെന്നു അവനെ ചുംബിച്ചു; അവൻ അവന്റെ വസ്ത്രങ്ങളുടെ വാസന മണത്തു അവനെ അനുഗ്രഹിച്ചു പറഞ്ഞത്: ഇതാ, എന്റെ മകന്റെ വാസന, യഹോവ അനുഗ്രഹിച്ചിരിക്കുന്ന വയലിലെ വാസന പോലെ. ദൈവം ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും

അനവധി ധാന്യവും വീഞ്ഞും നിനക്കു തരുമാറാകട്ടെ. വംശങ്ങൾ നിന്നെ സേവിക്കട്ടെ; ജാതികൾ നിന്നെ വണങ്ങട്ടെ; നിന്റെ സഹോദരന്മാർക്കും നീ പ്രഭുവായിരിക്ക; നിന്റെ മാതാവിന്റെ പുത്രന്മാർ നിന്നെ വണങ്ങട്ടെ. നിന്നെ ശപിക്കുന്നവനെല്ലാം ശപിക്കപ്പെട്ടവൻ; നിന്നെ അനുഗ്രഹിക്കുന്നവൻ എല്ലാം അനുഗ്രഹിക്കപ്പെട്ടവൻ.

യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചു കഴിഞ്ഞപ്പോൾ യാക്കോബ് തന്റെ അപ്പനായ യിസ്ഹാക്കിന്റെ മുമ്പിൽ നിന്നു പുറപ്പെട്ടു; ഉടനെ അവന്റെ സഹോദരൻ ഏശാവ് വേട്ട കഴിഞ്ഞു മടങ്ങി വന്നു.

അവനും രുചികരമായ ഭോജനം ഉണ്ടാക്കി അപ്പന്റെ അടുക്കൽ കൊണ്ടു ചെന്ന് അപ്പനോട്: അവൻ എഴുന്നേറ്റു മകന്റെ വേട്ടയിറച്ചി തിന്നു എന്നെ അനുഗ്രഹിക്കേണമെ എന്നു പറഞ്ഞു. അവന്റെ അപ്പനായ യിസ്ഹാക്ക് അവനോട്: നീ ആർ എന്നു ചോദിച്ചതിന്: ഞാൻ നിന്റെ മകൻ, നിന്റെ ആദ്യജാതൻ ഏശാവ് എന്ന് അവൻ പറഞ്ഞു. അപ്പോൾ യിസ്ഹാക്ക് അത്യന്തം ഭ്രമിച്ചു നടുങ്ങി: എന്നാൽ വേട്ട തേടി എന്റെ അടുക്കൽ കൊണ്ടു വന്നവൻ ആർ? നീ വരും മുമ്പെ ഞാൻ സകലവും തിന്നു അവനെ അനുഗ്രഹിച്ചിരിക്കുന്നു; അവൻ അനുഗ്രഹിക്കപ്പെട്ടവനുമാകും എന്നു പറഞ്ഞു.

ഏശാവ് അപ്പന്റെ വാക്കു കേട്ടപ്പോൾ അതി ദുഃഖിതനായി ഉറക്കെ നിലവിളിച്ചു: അപ്പാ, എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ എന്നു അപ്പനോടു പറഞ്ഞു. അതിനു അവൻ: നിന്റെ സഹോദരൻ ഉപായത്തോടെ വന്നു നിന്റെ അനുഗ്രഹം അപഹരിച്ചു കളഞ്ഞു എന്നു പറഞ്ഞു. ശരി, യാക്കോബ് എന്നല്ലോ അവന്റെ പേർ; രണ്ടു പ്രാവശ്യം അവൻ എന്നെ ചതിച്ചു; അവൻ എന്റെ ജ്യേഷ്ഠാവകാശം അപഹരിച്ചു; ഇപ്പോൾ ഇതാ എന്റെ അനുഗ്രഹവും അപഹരിച്ചു കളഞ്ഞു എന്നു അവൻ പറഞ്ഞു. നീ എനിക്കു ഒരു അനുഗ്രഹവും കരുതി വച്ചിട്ടില്ലയോ എന്നു അവൻ ചോദിച്ചു. യിസ്ഹാക്ക് ഏശാവിനോടു: ഞാൻ അവനെ നിനക്കു പ്രഭുവാക്കി അവന്റെ സഹോദരന്മാരെ ഒക്കെയും അവനു ദാസരാക്കി അവന്നു ധാന്യവും വീഞ്ഞും കൊടുത്തു; ഇനി നിനക്കു ഞാൻ എന്തു തരേണ്ടു മകനേ എന്നു ഉത്തരം പറഞ്ഞു. ഏശാവ് പിതാവിനോട്: നിനക്ക് ഒരു അനുഗ്രഹം മാത്രമേ ഉള്ളുവോ, അപ്പാ? എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ, അപ്പാ എന്നു പറഞ്ഞു പൊട്ടിക്കരഞ്ഞു.

## ഏശാവ് യാക്കോബിനെ കൊല്ലാൻ ഉദ്ദേശിച്ചു

എന്നാറെ അവന്റെ അപ്പനായ യിസ്ഹാക്ക് ഉത്തരമായിട്ട് അവനോട് പറഞ്ഞത്: നിന്റെ വാസം ഭൂമിയിലെ പുഷ്ടികൂടാതെയും മീതെ ആകാശത്തിലെ മഞ്ഞു കൂടാതെയും ഇരിക്കും. നിന്റെ വാളുകൊണ്ട് നീ ഉപജീവിക്കും; നിന്റെ സഹോദരനെ നീ സേവിക്കും. നിന്റെ കെട്ടു അഴിഞ്ഞു പോകുമ്പോൾ നീ അവന്റെ നുകം കഴുത്തിൽ നിന്നും കുടഞ്ഞു കളയും.

തന്റെ അപ്പൻ യാക്കോബിനെ അനുഗ്രഹിച്ച അനുഗ്രഹം നിമിത്തം ഏശാവ് അവനെ ദ്വേഷിച്ചു: അപ്പനെക്കുറിച്ചു ദുഃഖിക്കുന്ന കാലം അടുത്തിരിക്കുന്നു; അപ്പോൾ ഞാൻ എന്റെ സഹോദരനായ യാക്കോബിനെ കൊല്ലും എന്നു ഏശാവും ഹൃദയത്തിൽ പറഞ്ഞു. മൂത്ത മകനായ ഏശാവിന്റെ വാക്കു റിബേക്കാ അറിഞ്ഞപ്പോൾ, അവൾ ഇളയ മകനായ യാക്കോബിനെ ആളയച്ചു വിളിപ്പിച്ചു അവനോട് പറഞ്ഞത്: നിന്റെ സഹോദരൻ ഏശാവ് നിന്നെ കൊന്നു പകവീട്ടുവാൻ ഭാവിക്കുന്നു.

ആകയാൽ മകനേ, എന്റെ വാക്കു കേൾക്ക: നീ എഴുന്നേറ്റു ഹാരാനിൽ എന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്കു ഓടിപ്പോക. നിന്റെ സഹോദരന്റെ കോപം ശമിക്കുവോളം കുറെ നാൾ അവന്റെ അടുക്കൽ പാർക്ക. നിന്റെ സഹോദരനു നിന്നോടുള്ള കോപം മാറി നീ അവനോടു ചെയ്തതു അവൻ മറക്കും വരെ അവിടെ താമസിക്ക; പിന്നെ ഞാൻ ആളയച്ചു നിന്നെ അവിടെ നിന്നു വരുത്തിക്കൊള്ളാം; ഒരു ദിവസം തന്നെ നിങ്ങൾ ഇരുവരും എനിക്കു ഇല്ലാതെയാകുന്നതു എന്തിന്? ഇങ്ങനെ റിബെക്കാ യാക്കോബിനോടു സംസാരിച്ചു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

# കർത്തൃസ്മാരകം

# 2024

## മാർച്ച് 22, വെള്ളി

## 6.00 PM ന് ശേഷം

"നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നേ. ആകയാൽ നാം ഉത്സവം ആചരിക്ക."

1 കൊരി. 5:7,8.

## നാമിപ്പോൾ ജീവിക്കുന്നത് വിശ്വാസ യുഗത്തിൽ!

"എന്നാൽ നിങ്ങളുടെ കണ്ണു കാണുന്നതുകൊണ്ടും ചെവി കേൾക്കുന്നതു കൊണ്ടും ഭാഗ്യമുള്ളവ. ഏറിയ പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നതു കാണ്മാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല; നിങ്ങൾ കേൾക്കുന്നതു കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

മത്താ. 13:16,17

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**